# News Archives 2022

VOLUME 5 PART I JULY



TKM College of Arts and Science

# News Archives

## Volume 5, Part 1

*Compiled and edited by*

Dr. Mohamed Musthafa. K

*Published by*

TKM College of Arts and Science Library

July 2022

TKM College of Arts and Science

# News Archives 2022

VOLUME 5 PART I JULY

## News Inside


| | |
|---|---|
| RUSA Funded Research block inauguration | 13.3.202 |
| Meet the minister programme | 13.3.202 |
| Advertisement for the post of Principal | 16.3.202 |
| Royal Society of Chemistry Research Grant | 17.3.202 |
| Workshop on Animal Husbandry Start ups - JWALA | 19.3.202 |
| Faculty achievement | 22.3.202 |
| Award For Students Palliative Unit | 23.3.202 |
| PG Diploma in Counseling Psychology | 26.3.202 |
| Festival of Harvesting | 2.4.2022 |
| University Youth festival | 21.4.202 |
| World Elder Abuse Awareness Day 2022 | 16.6.202 |
| International Yoga Day celebration | 21.6.202 |
| Mega Yoga practice in TKM College of Arts and | 21.6.202 |
| Civil service coaching started | 3.6.2022 |
| Declaration of Green Campus | 21.6.202 |

# Research Block Inauguration

## ടികെഎം കോളേജിൽ ഗവേഷണ സമുച്ചയം ഉദ്ഘാടനം ഇന്ന്

**കൊല്ലം**

കേന്ദ്ര– സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ റൂസ രണ്ടാംഘട്ട പദ്ധതികളുടെ ഭാഗമായി ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിർമിച്ച ഗവേഷണ സമുച്ചയം ബുധൻ പകൽ മൂന്നിന് ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു ഉദ്ഘാടനംചെയ്യും. വിദ്യാർഥികളുമായി മന്ത്രി സംവദിക്കും.

കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വിഭാഗത്തിന്റെ ധനസഹായത്തോടെ സജ്ജമാക്കിയ ഹൈടെക് ഗവേഷണ ഉപകരണങ്ങളും കോളേജ് മാനേജ്മെന്റിന്റെ ഫണ്ടിൽനിന്നു ലഭിച്ച അനുബന്ധ ഉപകരണങ്ങളുമാണ് സമുച്ചയത്തിൽ ഒരുക്കുന്നത്. അടിസ്ഥാനസൗകര്യ വികസനത്തിനായി റൂസയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടുകോടി രൂപയാണ് അനുവദിച്ചത്. ഒരുകോടി രൂപ ഗവേഷണ വിഭാഗത്തിന്റെ നിർമാണത്തിനും 20 ലക്ഷം രൂപ സെമിനാർ ഹാൾ, ക്ലാസ് മുറികൾ എന്നിവയുടെ നവീകരണത്തിനും 80 ലക്ഷം രൂപ കംപ്യൂട്ടർ, ലാബ് ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ വാങ്ങാനുമാണ് അനുവദിച്ചത്. ഇതിൽ നിർമാണവും നവീകരണ പ്രവർത്തനവും പൂർത്തിയായി. കേരള സർവകലാശാലയിൽ ഈ രണ്ടു പദ്ധതിയും പൂർത്തിയാക്കിയ ഏക കോളേജ് ടികെഎം ആണെന്ന് പ്രിൻസിപ്പൽ ചിത്ര ഗോപിനാഥ്, റൂസ കോ–ഓർഡിനേറ്റർ മുഹമ്മദ് മുസ്തഫ, ഡോ. അനസ് എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

*Malayala Manorama 09.03.2022 P2*

## ടി.കെ.എം.കോളേജിൽ വിദ്യാർഥികളുമായി സംവദിച്ച് മന്ത്രി

**കരിക്കോട്** ▸ പഠിച്ചുതീരുംമുമ്പേ പരീക്ഷ നടത്തുന്നതിന് പരിഹാരം വല്ലതുമുണ്ടോയെന്ന വിദ്യാർഥിനിയുടെ ചോദ്യം മന്ത്രിയെ ആദ്യമൊന്നു കുഴപ്പിച്ചെങ്കിലും ഇത്തരം വിഷയങ്ങളിൽ പരിഹാരമുണ്ടാകുമെന്നായിരുന്നു മന്ത്രിയുടെ മറുപടി.

ടി.കെ.എം. ആർട്സ് കോളേജിൽ ഗവേഷണശാലസമുച്ചയം ഉദ്ഘാടനം ചെയ്യാനെത്തിയ ഉന്നതവിദ്യാഭ്യാസമന്ത്രി ആർ.ബിന്ദു വിദ്യാർഥികളുമായി സംവദിച്ചപ്പോഴായിരുന്നു ചോദ്യമുയർന്നത്.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസമേഖലയിലെ ഇത്തരം മാറ്റങ്ങൾ പരിഷ്കരിക്കാനും പരീക്ഷാനടത്തിപ്പ് കാലോചിതമാക്കാനും വേണ്ട നിർദേശങ്ങൾ നൽകാനും മൂന്നു കമ്മിഷനുകളെ നിയോഗിച്ചതായും മന്ത്രി മറുപടി പറഞ്ഞു.

അധ്യാപകജോലിയിൽനിന്ന് ഉന്നതവിദ്യാഭ്യാസവകുപ്പിലെ ആദ്യ വനിതാമന്ത്രിയായതിൽ എന്തു തോന്നുന്നുവെന്ന ചോദ്യത്തിന് അധ്യാപിക മാത്രമായിരുന്നില്ല, വിദ്യാർഥിരാഷ്ട്രീയരംഗത്തും പൊതുപ്രവർത്തനരംഗത്തും സജീവമായിരുന്നെന്നായിരുന്നു മറുപടി. അഞ്ചുവർഷം കൗൺസിലറായി.

പിന്നീട് തൃശ്ശൂർ നഗരസഭയുടെ ആദ്യ വനിതാ മേയറാകാനും കഴിഞ്ഞെന്ന് മന്ത്രി വ്യക്തമാക്കി.

അൻപതോളം വിദ്യാർഥികൾ പങ്കെടുത്തു. സമയക്കുറവുമൂലം കൂടുതൽ ചോദ്യങ്ങൾ ഒഴിവാക്കിയെങ്കിലും അധ്യാപകർക്കും വിദ്യാർഥികൾക്കുമൊപ്പം സെൽഫിയെടുക്കാനും മന്ത്രി മറന്നില്ല.

കരിക്കോട് ടി.കെ.എം. ആർട്സ് കോളേജിൽ ഗവേഷണശാലസമുച്ചയം ഉദ്ഘാടനം ചെയ്യാനെത്തിയ മന്ത്രി ആർ.ബിന്ദു വിദ്യാർഥികളുമായി സംവദിക്കുന്നു



▶ കരിക്കോട് ടി.കെ.എം. ആർട്സ് കോളേജിൽ എത്തിയ മന്ത്രി ആർ.ബിന്ദുവിനൊപ്പം സെൽഫിയെടുക്കുന്ന വിദ്യാർഥികൾ

*Mathrubhumi 11.03.2022 P9*

*H.E. Minister interact with students*

# Research Block Inauguration



ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജിൽ പുതിയ റിസർച് ബ്ലോക്ക് മന്ത്രി ആർ. ബിന്ദു ഉദ്ഘാടനം ചെയ്യുന്നു. എൻ.കെ. പ്രേമചന്ദ്രൻ എംപി, ഡോ. ടി.കെ. ഷഹൽ ഹസൻ മുസല്യാർ, എംഎൽഎമാരായ പി.സി. വിഷ്ണുനാഥ്, എം. നൗഷാദ്, പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, എച്ച്. ഹുസൈൻ, ടി.കെ. ജലാലുദ്ദീൻ മുസല്യാർ തുടങ്ങിയവർ സമീപം. ചിത്രം: മനോരമ

## ലോകനിലവാരത്തിലുള്ള പഠനസൗകര്യം സംസ്ഥാനത്ത് ഒരുക്കും: മന്ത്രി ബിന്ദു

**ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജിൽ നിർമിച്ച ഗവേഷണ സമുച്ചയം ഉദ്ഘാടനം ചെയ്തു**

കൊല്ലം● ലോകനിലവാരത്തിലുള്ള പഠനസൗകര്യങ്ങൾ കേരളത്തിൽ സൃഷ്ടിക്കുകയും നമ്മുടെ കുട്ടികളെ ഇവിടെത്തന്നെ നിർത്താനും ഇതരസംസ്ഥാനങ്ങളിലെയും വിദേശത്തെയും കുട്ടികളെ കേരളത്തിലേക്ക് ആകർഷിക്കാനുമാണ് സർക്കാരിന്റെ ശ്രമമെന്ന് മന്ത്രി ആർ.ബിന്ദു. ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജിൽ നിർമിച്ച ഗവേഷണ സമുച്ചയത്തിന്റെ ഉദ്ഘാടനം നിർവഹിച്ച ശേഷം വിദ്യാർഥികളോട് സംവദിക്കുകയായിരുന്നു മന്ത്രി.

വിദേശത്തു നിന്ന് പഠിച്ചു വരുന്ന കുട്ടികൾക്ക് പലപ്പോഴും ഇവിടുത്തെ യോഗ്യതാ പരീക്ഷ എഴുതി ജയിക്കാനാവുന്നില്ല. സ്ഥാപനങ്ങളുടെ ഗുണനിലവാരം ബോധ്യപ്പെട്ട ശേഷമേ പഠനത്തിനായി പോകാവൂ. സംസ്ഥാനത്ത് സെമസ്റ്റർ അടിസ്ഥാനത്തിലുള്ള പരീക്ഷകൾ ലഘൂകരിക്കുന്നതിനായുള്ള നടപടികൾ നടന്നുവരികയാണെന്നും സമീപനങ്ങളിലും പാഠ്യരീതികളിലും മാറ്റം വരുത്തി കലാലയങ്ങൾ വിദ്യാർഥി കേന്ദ്രീകൃതമായി മാറണമെന്നും മന്ത്രി പറഞ്ഞു.

പി.സി.വിഷ്ണുനാഥ് എംഎൽഎ അധ്യക്ഷത വഹിച്ചു. എൻ.കെ.പ്രേമചന്ദ്രൻ എംപി, എം.നൗഷാദ് എംഎൽഎ, പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ്, റൂസ കോ ഓർഡിനേറ്റർ ഡോ. കെ.മുഹമ്മദ് മുസ്തഫ, ടികെഎം കോളജ് ട്രസ്റ്റ് ട്രഷറർ ടി.കെ ജലാലുദ്ദീൻ മുസല്യാർ തുടങ്ങിയവർ പ്രസംഗിച്ചു.

റൂസയുടെ രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 2 കോടി രൂപയാണ് അനുവദിച്ചത്. ഒരു കോടി രൂപ രൂപ ഗവേഷണ വിഭാഗത്തിന്റെ നിർമാണത്തിനും 20 ലക്ഷം രൂപ സെമിനാർ ഹാൾ, ക്ലാസ് മുറികൾ എന്നിവയുടെ നവീകരണത്തിനും 80 ലക്ഷം രൂപ കംപ്യൂട്ടർ, ലാബ് ഉപകരണങ്ങൾ,ലൈബ്രറി പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിനും ഉപയോഗിച്ചു. ഇതിൽ നിർമാണവും നവീകരണ പ്രവർത്തനവുമാണ് പൂർത്തിയായത്. ഈ രണ്ടു പദ്ധതികളും പൂർത്തീകരിച്ച കേരള സർവകലാശാലയിലെ ഏക കോളജാണ് ടികെഎം.

*Malayala Manorama 12.03.2022 P5*

# Research Block Inauguration

KLM

## ഉന്നതവിദ്യാഭ്യാസരംഗം കാലാനുസൃതമാകണം: മന്ത്രി ആർ ബിന്ദു

കൊല്ലം

സമൂഹത്തിന്റെ സാമ്പത്തികവും വൈജ്ഞാനികവുമായ ഉന്നമനത്തിന് ഉതകുന്ന അറിവ് ഉൽപ്പാദിപ്പിക്കുന്ന മികവിന്റെ കേന്ദ്രങ്ങളായി സംസ്ഥാനത്തെ കോളേജുകളും സർവകലാശാലകളും മാറണമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു. കൊല്ലം ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ റൂസ ധനസഹായത്തോടെ നിർമിച്ച ഗവേഷണ സമുച്ചയം ഉദ്ഘാടനംചെയ്യുകയായിരുന്നു മന്ത്രി.



ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജിലെ പുതിയ റിസർച്ച് ബ്ലോക്ക് മന്ത്രി ആർ ബിന്ദു ഉദ്ഘാടനംചെയ്യുന്നു

എല്ലാ കോളേജുകളിലും സർവകലാശാലകളിലും ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കാൻ സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. വിദ്യാസമ്പന്നരായ തൊഴിൽരഹിതരുടെ എണ്ണം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരാൻ കോളേജുകളിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ തുടങ്ങണമെന്നും മന്ത്രി പറഞ്ഞു.

പി സി വിഷ്ണുനാഥ് എംഎൽഎ അധ്യക്ഷനായി. എൻ കെ പ്രേമചന്ദ്രൻ എംപി, എം നൗഷാദ് എംഎൽഎ, ടികെഎം കോളേജ് ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസൻ മുസലിയാർ, ട്രഷറർ ജലാലുദീൻ മുസലിയാർ, പ്രിൻസിപ്പൽ ചിത്ര ഗോപിനാഥ്, ട്രസ്റ്റ് അംഗം ജമാലുദീൻ മുസലിയാർ, എച്ച് ഹുസൈൻ, ഷീജ സജീവ്, ഗീതാപ്പിള്ള, റൂസ കോ–ഓർഡിനേറ്റർ മുഹമ്മദ് മുസ്തഫ തുടങ്ങിയവർ പങ്കെടുത്തു.

*Deshabhimani 10.03.2022, P4*

## ഉന്നതവിദ്യാഭ്യാസം മുന്നേറ്റത്തിന്റെ പാതയിൽ-ആർ.ബിന്ദു

**കരിക്കോട്** ▸ ഉന്നതവിദ്യാഭ്യാസരംഗം മുന്നേറ്റത്തിന്റെ പാതയിൽ കുതിച്ചുകയറുകയാണെന്നും സമൂഹത്തിന്റെ സാമ്പത്തികവും വൈജ്ഞാനികവുമായ ഉന്നമനത്തിന് അറിവു നൽകുന്ന മികവിന്റെ കേന്ദ്രങ്ങളായി കോളേജുകളും സർവകലാശാലകളും മാറണമെന്നും ഉന്നതവദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ.ബിന്ദു. ടി.കെ.എം. ആർട്സ് കോളേജിൽ ഗവേഷണസമുച്ചയം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഉന്നതവിദ്യാഭ്യാസമേഖലയിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾക്ക് സർക്കാർ തുടക്കംകുറിച്ചു.

വിദ്യാസമ്പന്നരായ തൊഴിൽരഹിതരുടെ എണ്ണം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരാൻ സാമ്പ്രദായികരീതിയിലുള്ള വിദ്യാഭ്യാസത്തോടൊപ്പം കോളേജുകളിൽ നൈപുണ്യവികസനകേന്ദ്രങ്ങൾ തുടങ്ങണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

പി.സി.വിഷ്ണുനാഥ് എം.എൽ.എ. അധ്യക്ഷത വഹിച്ചു. എൻ.കെ.പ്രേമചന്ദ്രൻ എം.പി., എം.നൗഷാദ് എം.എൽ.എ., ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസൻ മുസലിയാർ, ട്രഷറർ ജലാലുദ്ദീൻ മുസലിയാർ, ജമാലുദ്ദീൻ മുസലിയാർ, എച്ച്.ഹുസൈൻ, ഷീജ സജീവ്, ഗീതാപിള്ള, റൂസ കോ-ഓർഡിനേറ്റർ ഡോ. മുഹമ്മദ് മുസ്തഫ തുടങ്ങിയവർ സംബന്ധിച്ചു. കോളേജ് പ്രിൻസിപ്പൽ ചിത്ര ഗോപിനാഥ് പദ്ധതി വിശദീകരിച്ചു.

*Mathrubhumi 10.03.2022 P13*

# Research Block Inauguration

4 നാട്ടുവിശേഷം TVM KW-KC madhyamam.com



കരിക്കോട് ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ നിർമിച്ച ഗവേഷണ സമുച്ചയം ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യുന്നു

## വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നവീന സാങ്കേതിക വിദ്യകൾ വികസിപ്പിക്കാനാകണം -മന്ത്രി

● ഗവേഷണ സമുച്ചയം ഉദ്ഘാടനം ചെയ്തു

**കിളികൊല്ലൂർ:** നാടിനും കാലത്തിനും അനുസൃതമായ സാങ്കേതിക വിദ്യ വികസിപ്പിക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കഴിയണമെന്ന് മന്ത്രി ഡോ. ആർ. ബിന്ദു. കരിക്കോട് ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ 'റുസ'യുടെ ധനസഹായത്തോടെ നിർമിച്ച ഗവേഷണ സമുച്ചയം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കോളജുകളും സർവകലാശാലകളും സമൂഹത്തിന്റെ സാമ്പത്തികവും വൈജ്ഞാനികവുമായ ഉന്നമനത്തിന് ഉതകുന്ന അറിവ് ഉൽപാദിപ്പിക്കുന്ന മികവിന്റെ കേന്ദ്രങ്ങളാകണം. വിദ്യാസമ്പന്നരായ തൊഴിൽരഹിതരുടെ എണ്ണം ഘട്ടംഘട്ടമായി കുറക്കാൻ സാമ്പ്രദായിക വിദ്യാഭ്യാസത്തോടൊപ്പം കോളജുകളിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങണം. ചരിത്രം, സാഹിത്യം, ശാസ്ത്രം തുടങ്ങിയ എല്ലാ മേഖലകളിലുമുള്ള വിഷയാധിഷ്ഠിത ഗവേഷണത്തിന് സർക്കാർ ഫെലോഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. 50000 മുതൽ ഒരു ലക്ഷം രൂപ വരെ പ്രതിമാസം ലഭിക്കുന്ന ഫെലോഷിപ്പുകൾ ഗവേഷണങ്ങൾക്കായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

പി.സി. വിഷ്ണുനാഥ് എം.എൽ.എ അധ്യക്ഷത വഹിച്ചു. എൻ.കെ. പ്രേമചന്ദ്രൻ എം.പി, എം. നൗഷാദ് എം.എൽ.എ, ടി.കെ.എം കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസ്ലിയാർ, പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, ട്രസ്റ്റ് ട്രഷറർ ജലാലുദ്ദീൻ മുസ്ലിയാർ, ട്രസ്റ്റ് അംഗം ജമാലുദ്ദീൻ മുസ്ലിയാർ, എച്ച്. ഹുസൈൻ, ഷിബു സജീവ്, ഗീതാ പിള്ള, റുസ കോഓഡിനേറ്റർ ഡോ. മുഹമ്മദ് മുസ്തഫ എന്നിവർ സംസാരിച്ചു.

*Madhyamam 10.03.2022 P4*

# Advertisement for the post of Principal

in Chemistry, Physics, Mathematics, English and Management.
- The candidates with qualification of PG/Ph.D from NIT/IIT with research aptitude will be given preference
- Retired employees from R & D Organizations, IITs, NITs and University Engineering Colleges may also send their resumes and will be considered as Adjunct Faculty.
- The Qualifications & Experience as per AICTE/UGC norms

The Qualified Candidates can send their applications in prescribed format to: hr2022@vnrvjiet.in on or before 28th February, 2022. For further details on Qualifications please visit our website: www.vnrvjiet.ac.in

Date: 16.02.2022 GENERAL SECRETARY VIGNANA JYOTHI

**TKM**

**TKM COLLEGE OF ARTS & SCIENCE**

KOLLAM- 691005

(Government Aided College Affiliated to the University of Kerala, Established in 1965)

Email: **tkmtrust@yahoo.com**, Tel No. **0474-2731021, 2732985, 2732931**

No. TKMCAS/145/2015

## WANTED PRINCIPAL

Applications are invited for the post of **PRINCIPAL** with entry pay of ₹144200 plus special allowance of ₹6750/- in the TKM College of Arts and Science, Kollam.

**QUALIFICATIONS:** PhD, Associate Professor with 15 years teaching experience. A minimum of 10 Research Publications in Peer reviewed or UGC-listed journals.

A minimum of 110 Research score as per Appendix II, Table 2 of the UGC Regulations 2018.

**AGE:** As per Government /University Rules

**Note:** Only Associate Professors / Professors from Government/Aided Colleges/ University Departments who are qualified to teach any one of the following subjects need apply:-

English, Malayalam, Hindi, Physics, Chemistry, Mathematics, Zoology, Botany, Islamic History, History and Economics.

Applications on plain paper with copies of certificates to prove age, qualification, experience, publications, research score along with the NO Objection Certificate from the present employer shall be sent to the **Chairman, Governing Body, TKM College of Arts & Science, Belaire, No.24, Musaliar Nagar, Kilikolloor, Kollam-691004** so as to reach him within 30 days from the date of publication of the notification.

**Kollam**
09.02.2022

**CHAIRMAN**
Governing Body

Subject Teachers : Post Graduation with B.Ed
Nursery Teachers : Graduation with NTTC/MN
Visit our website for further details:
www.bhavanskochikendra.com

KANNUR International Airport Ltd. KANNUR INTERNATIONAL AIRPORT LIMITED
APPOINTMENTS
Applications are invited for the following upcoming vaca
SUPERVISOR - ARFF - 3 NOS
FIRE & RESCUE OPERATOR (FRO) FRO GRADE 1 - 25 NOS
Details are available in the website
www.kannurairport.aero/careers
Apply online through our website
Last date for submitting online applications is 02.03.2022 (17.00 hrs)

Banks Board Bureau
An Autonomous Body of Government of India
Invites application for the position of
DEPUTY MANAGING DIRECTOR (LENDING AND PROJECT FINAN
DEPUTY MANAGING DIRECTOR (CHIEF FINANCIAL OFFICER)
DEPUTY MANAGING DIRECTOR (CHIEF RISK OFFICER)
OF
NATIONAL BANK FOR FINANCING INFRASTRUCTURE AND DEVELO
Last date of application: 5:00 pm on 21-Mar-2022

Manager (5 years experience)
Sales Manager (5 years experience)
Executive
e-mail to hr@arconhomebuilders.com

www.favouritehomes.com
GROW YOUR CAREER WITH US
hr@favouritehomes.com

SBI State Bank of India
Central Recruitment & Promotion Department, Corporate Centre, Mumbai. Phone: 022-22820427; Fax: 022-22820411
Recruitment of Specialist Cadre Officers On Contract / Regular Basis
Applications are invited from Indian citizens for the following posts on regular/contract basis:

| Sr No | Post | Comparable Scale/ Grade | Nature of Engagement | Vacancy | Advertisement |
|---|---|---|---|---|---|
| 1 | Marketing Executive | SMGS-IV | Contractual | 01 | CRPD/SCO/ 2021- |
| 2 | Assistant Manager (Network Security Specialist) | JMGS-I | Regular | 15 | CRPD/SCO/ 2021- |
| 3 | Assistant Manager (Routing & Switching) | JMGS-I | | 33 | |
| 4 | Assistant Vice President (Marcomm) | SMGS-IV | | 02 | |
| 5 | Senior Executive (Digital Marketing) | MMGS-II | Contractual | 01 | CRPD/SCO/ 2021- |
| 6 | Senior Executive (Public Relation) | MMGS-II | | 01 | |

*The Indian Express16.02.2022, P 14*

# Advertisement for the post of Principal



I UNISON

Team takes part in the Singapore Airshow 2022 on Tuesday | AP

## hina to crash into moon

ınar surface on March 4, ontrary to what had been ınced, it was built not by Musk's company, but by ng, experts now say.

e rocket is now said to be 365B, the booster for the ıg'e 5-T1, launched in as part of the Chinese e agency's lunar explora- program.

The surprise announcement was made by astronomer Bill Gray, who first identified the future impact, and admitted his mistake last weekend. "This (honest mistake) just emphasises the problem with lack of proper tracking of these deep space objects," tweeted astronomer Jonathan McDowell.

an Union on Monday stood by its refusal to lift patent protections on Covid vaccines, just days ahead of a summit with African Union countries who see the issue as a priority.

Since October 2020, India and South Africa have led calls at the World Trade Organization for the temporary removal of intellectual property protections for vaccines, treatments and diagnostics in the fight against Covid-19.

Proponents argue this would boost production globally and help address the glaring inequity in access

can Union have pushed to include the demand in the conclusions of the joint EU-AU summit that starts on Thursday in Brussels. "The African Union... urges the European Union to engage constructively towards the conclusion of a targeted and time limited waiver," said the AU proposal seen by *AFP*.

But a number of wealthy countries hosting large pharmaceutical companies have opposed the move, saying patents are not the main roadblocks to scaling up production and are crucial to innovation.




OPPORTUNITIES

**TKM**

**TKM COLLEGE OF ARTS & SCIENCE**

KOLLAM- 691005

(Government Aided College Affiliated to the University of Kerala, Established in 1965)

Email: **tkmtrust@yahoo.com**, Tel No. **0474-2731021, 2732985, 2732931**

No. TKMCAS/145/2015

**WANTED PRINCIPAL**

Applications are invited for the post of **PRINCIPAL** with entry pay of ₹144200 plus special allowance of ₹6750/- in the TKM College of Arts and Science, Kollam.

**QUALIFICATIONS:** PhD, Associate Professor with 15 years teaching experience. A minimum of 10 Research Publications in Peer reviewed or UGC-listed journals.

A minimum of 110 Research score as per Appendix II. Table 2 of the UGC Regulations 2018.

**AGE:** As per Government /University Rules

**Note:** Only Associate Professors / Professors from Government/Aided Colleges/ University Departments who are qualified to teach any one of the following subjects need apply:-

English, Malayalam, Hindi, Physics, Chemistry, Mathematics, Zoology, Botany, Islamic History, History and Economics.

Applications on plain paper with copies of certificates to prove age, qualification, experience, publications, research score along with the NO Objection Certificate from the present employer shall be sent to the **Chairman, Governing Body, TKM College of Arts & Science, Belaire, No.24, Musaliar Nagar, Kilikolloor, Kollam-691004** so as to reach him within 30 days from the date of publication of the notification.

**Kollam**
09.02.2022

**CHAIRMAN**
Governing Body

*The Hindu 16.02.2022, P 3*

# Advertisement for the post of Principal

## കളമശ്ശേരിയിൽ 400 കോടി മുടക്കിൽ ലുലു ഫുഡ് പാർക്ക് സ്ഥാപിക്കും

### നിരോധനം നീക്കി; ഇന്ത്യൻ മുട്ടകൾ യു.എ.ഇയിലെത്തി

### ടി.ടി.ഇയെ മർദിച്ചു; ഝാർഖണ്ഡ് സ്വദേശികൾ അറസ്റ്റിൽ

**TKM**

**TKM COLLEGE OF ARTS & SCIENCE**

KOLLAM- 691005

(Government Aided College Affiliated to the University of Kerala, Established in 1965)

Email: **tkmtrust@yahoo.com**, Tel No. **0474-2731021, 2732985, 2732931**

No. TKMCAS/145/2015

## WANTED PRINCIPAL

Applications are invited for the post of **PRINCIPAL** with entry pay of ₹144200 plus special allowance of ₹6750/- in the TKM College of Arts and Science, Kollam.

**QUALIFICATIONS:** PhD, Associate Professor with 15 years teaching experience. A minimum of 10 Research Publications in Peer reviewed or UGC-listed journals.

A minimum of 110 Research score as per Appendix II, Table 2 of the UGC Regulations 2018.

**AGE:** As per Government /University Rules

**Note:** Only Associate Professors / Professors from Government/Aided Colleges/ University Departments who are qualified to teach any one of the following subjects need apply:-

English, Malayalam, Hindi, Physics, Chemistry, Mathematics, Zoology, Botany, Islamic History, History and Economics.

Applications on plain paper with copies of certificates to prove age, qualification, experience, publications, research score along with the NO Objection Certificate from the present employer shall be sent to the **Chairman, Governing Body, TKM College of Arts & Science, Belaire, No.24, Musaliar Nagar, Kilikolloor, Kollam-691004** so as to reach him within 30 days from the date of publication of the notification.

Kollam
09.02.2022

**CHAIRMAN**
Governing Body

*Madhyamam Daily 16.02.2022, P 10*

# Advertisement for the post of Principal



TKM

TKM COLLEGE OF ARTS & SCIENCE
KOLLAM- 691005

(Government Aided College Affiliated to the University of Kerala, Established in 1965)
Email: **tkmtrust@yahoo.com,**
Tel No: **0474-2731021, 2732985, 2732931**

No. TKMCAS/146/2015

## WANTED PRINCIPAL

Applications are invited for the post of **PRINCIPAL** with entry pay of ₹144200 plus special allowance of ₹6750/- in the TKM College of Arts and Science, Kollam.

**QUALIFICATIONS:** PhD, Associate Professor with 15 years teaching experience. A minimum of 10 Research Publications in Peer reviewed or UGC-listed journals.

A minimum of 110 Research score as per Appendix II, Table 2 of the UGC Regulations 2018.

**AGE:** As per Government /University Rules

**Note:** Only Associate Professors / Professors from Government /Aided Colleges/ University Departments who are qualified to teach any one of the following subjects need apply:-

English, Malayalam, Hindi, Physics, Chemistry, Mathematics, Zoology, Botany, Islamic History, History and Economics.

Applications on plain paper with copies of certificates to prove age, qualification, experience, publications, research score along with the NO Objection Certificate from the present employer shall be sent to the **Chairman, Governing Body, TKM College of Arts & Science, Belaire, No.24, Musaliar Nagar, Kilikolloor, Kollam-691004** so as to reach him within 30 days from the date of publication of the notification.

**Kollam**
09.02.2022

**CHAIRMAN**
Governing Body

KUWAIT MAINTENANCE PROJECT

| Position | Number of Requirement | Salary Range (KD) |
|---|---|---|
| HVAC MAINTENANCE TECHNICIAN | 10 | 200-220 |
| SUPERVISOR FOR CENTRAL INSTALLATION OF DUCTS, PIPES, INSULATORS AND CLADDING | 2 | 300-350 |
| MOBILE REPAIR TECHNICIAN | 5 | 190 |
| INSULATION ASSISTANT | 2 | 120-140 |
| PLUMBER | 6 | 160-190 |
| WALL PAINTER | 6 | 160-190 |
| TILE MASON | 3 | 160-190 |

*Malayala Manorama 16.02.2022, P7*

# Cage Fish Culture in Astamudi Lake

2022 ഫെബ്രുവരി 19 ശനി

## കൂട് മത്സ്യക്കൃഷിയുമായി ടികെഎം കോളേജ് വിദ്യാർഥികൾ

**കൊല്ലം**

ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസും സിഎംഎഫ്ആർഐ വിഴിഞ്ഞം കേന്ദ്രവും സംയുക്തമായി പട്ടികജാതി വികസന പദ്ധതിയുടെ ഭാഗമായി അഷ്ടമുടിക്കായലിൽ കൂട് മത്സ്യക്കൃഷി തുടങ്ങി. കോളേജിലെ വിദ്യാർഥികൾ അംഗങ്ങളായ സൂ അക്വാ എന്ന സ്വയംസഹായ സംഘത്തിന്റെ കീഴിൽ തുടങ്ങിയ പദ്ധതിയുടെ ആദ്യ കൂട് വെള്ളിമൺ ഭാഗത്ത് പഞ്ചായത്ത് പ്രസിഡന്റ് ദിവ്യാ ജയകുമാർ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് ഉദ്ഘാടനംചെയ്തു. കോളേജ് പ്രിൻസിപ്പൽ ചിത്രാ ഗോപിനാഥ്, സിഎംഎഫ്ആർഐ വിഴിഞ്ഞം കേന്ദ്രം മേധാവി എം കെ അനിൽ, സിഎംഎഫ്ആർഐ ശാസ്ത്രജ്ഞരായ ഡോ. ബി സന്തോഷ്, ഡോ. സ്വാതിലക്ഷ്മി, ടികെഎം സുവോളജി വിഭാഗം മേധാവി ഡോ. ജസിൻ റഹ്മാൻ, സൂ അക്വാ കോ – ഓർഡിനേറ്റർ രോഹിണി കൃഷ്ണ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് അനിൽകുമാർ, പഞ്ചായത്ത്അംഗം സുനിൽകുമാർ എന്നിവർ സംസാരിച്ചു.



ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസും സിഎംഎഫ്ആർഐ വിഴിഞ്ഞം കേന്ദ്രവും സംയുക്തമായി അഷ്ടമുടിക്കായലിൽ തുടങ്ങിയ കൂട് മത്സ്യക്കൃഷി

മാധ്യമം 3
2022 ഫെബ്രുവരി 19 ● ശനി




*കൊല്ലം ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജ് വിദ്യാർഥികൾ അഷ്ടമുടിക്കായലിൽ കൂട് മത്സ്യകൃഷി തുടങ്ങിയപ്പോൾ*

# ടി.കെ.എം കോളജ് വിദ്യാർഥികൾ കൂട് മത്സ്യകൃഷി തുടങ്ങി

**കൊല്ലം:** ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസും സി.എം.എഫ്.ആർ.ഐ വിഴിഞ്ഞം കേന്ദ്രവും ചേർന്ന് പട്ടികജാതി വികസന പദ്ധതിയുടെ ഭാഗമായി അഷ്ടമുടിക്കായലിൽ കൂട് മത്സ്യകൃഷി തുടങ്ങി. ആദ്യ കൂട് വെള്ളിമൺ ഭാഗത്ത് പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ദിവ്യ ജയകുമാർ ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പൽ ഡോ. ചിത്രാ ഗോപിനാഥ്, സി.എം.എഫ്.ആർ.ഐ വിഴിഞ്ഞം കേന്ദ്രം മേധാവി ഡോ.എം.കെ. അനിൽ, ശാസ്ത്രജ്ഞരായ ഡോ.ബി. സന്തോഷ്, ഡോ. സ്വാതിലക്ഷ്മി, ടി.കെ.എം സുവോളജി വിഭാഗം മേധാവി ഡോ. ജസിൻ റഹ്മാൻ, സൂ അക്വാ കോ ഓർഡിനേറ്റർ രോഹിണി കൃഷ്ണ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് അനിൽകുമാർ, പഞ്ചായത്ത് അംഗം സുനിൽകുമാർ എന്നിവർ സംസാരിച്ചു.

*Madhyamam Daily 19.02.2022 P3*

# അഷ്ടമുടിക്കായലിൽ കൂടു മത്സ്യകൃഷി

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസും സെൻട്രൽ മറൈൻ ഫിഷറീസ് റിസർച് ഇൻസ്റ്റിറ്റ്യൂട്ട് വിഴിഞ്ഞം കേന്ദ്രവും സംയുക്തമായി പട്ടികജാതി വികസന പദ്ധതിയുടെ ഭാഗമായി അഷ്ടമുടിക്കായലിൽ കൂടു മത്സ്യകൃഷി തുടങ്ങി. കോളജിലെ വിദ്യാർഥികൾ അംഗങ്ങളായ സുഅക്വാ എന്ന സ്വയം സഹായ സംഘത്തിന്റെ കീഴിൽ തുടങ്ങിയ പദ്ധതിയുടെ ആദ്യ കൂട് വെള്ളിമൺ ഭാഗത്തു പെരിനാട് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ദിവ്യ ജയകുമാർ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് ഉദ്ഘാടനം ചെയ്തു.

കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, സിഎംഎഫ്ആർഐ വിഴിഞ്ഞം കേന്ദ്രം മേധാവി ഡോ. എം. കെ. അനിൽ, സിഎംഎഫ്ആർഐ ശാസ്ത്രജ്ഞരായ ഡോ.ബി. സന്തോഷ്, ഡോ. സ്വാതിലക്ഷ്മി, ടികെഎം സുവോളജി വിഭാഗം മേധാവി ഡോ. ജസിൻ റഹ്മാൻ, സുഅക്വാ കോഓർഡിനേറ്റർ രോഹിണി കൃഷ്ണ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് അനിൽകുമാർ, വാർഡ് അംഗം സുനിൽകുമാർ എന്നിവർ പ്രസംഗിച്ചു.

*Malayala Manorama 19.02.2022 P3*

## Achievement

# ഡോ. എസ്. അനസിന് റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രി റിസർച്ച് ഗ്രാന്റ്



കൊല്ലം: ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് രസതന്ത്ര വിഭാഗം അസി. പ്രഫസറും വകുപ്പ് മേധാവിയുമായ ഡോ. എസ്. അനസിന് ബ്രിട്ടൻ ആസ്ഥാനമായ റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രി (ആർ.എസ്.സി) യുടെ റിസർച്ച് ഗ്രാന്റ്. നാനോ സയൻസ് മേഖലയിലെ ഗവേഷണങ്ങൾക്കാണിത്. 2021ൽ അദ്ദേഹത്തെ റോയൽ സൊസൈറ്റി അസോസിയേറ്റ് അംഗത്വം നൽകി ആദരിച്ചിരുന്നു. പ്രസിദ്ധമായ റോയൽ സൊസൈറ്റിയുടെ ഭാഗമായി രൂപവത്കൃതമായ ആർ.എസ്.സി രസതന്ത്രമേഖലയിലെ നൂതന ഗവേഷണ-പഠന പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിനാണ് നിലകൊള്ളുന്നത്. ശരീഫ്- നബീസാബീവി ദമ്പതികളുടെ മകനാണ്. പുനലൂർ സ്വദേശിയാണ്. ജ്യോത്സ്ന എസ്. കബീറാണ് ഭാര്യ. മക്കൾ: ഇശൽ ജെ. അനസ്, ഐസൽ ജെ അനസ്.

*Madhyamam Daily 17.3.2022 P 10*

# Achievement

മികവ്



**ഡോ. അനസ്**

ബ്രിട്ടൻ ആസ്ഥാനമായുള്ള റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രി (ആർഎസ്സി) റിസർച്ച് ഗ്രാന്റ് നേടിയ ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കെമിസ്ട്രി വിഭാഗം മേധാവി ഡോ. അനസ്. നാനോ സയൻസ് മേഖലയിലെ ഗവേഷണങ്ങൾക്കാണ് ഗ്രാന്റ്. കഴിഞ്ഞ വർഷം ഇദ്ദേഹത്തെ റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രി അസോസിയേറ്റ് മെമ്പർ ആയി തെരഞ്ഞെടുത്തിരുന്നു. 1848ൽ ബ്രിട്ടനിൽ സ്ഥാപിതമായ സൊസൈറ്റി രസതന്ത്രമേഖലയിലെ നൂതന പഠന ഗവേഷണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിനാണ് നിലകൊള്ളുന്നത്. ഡോ. അനസ് പുനലൂർ സ്വദേശിയാണ്.

*Deshabhimani : 22.03.2022, P4*

നേട്ടം



കൊമേഴ്സിൽ പിഎച്ച്ഡി നേടിയ (കേരള) ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജ് കൊമേഴ്സ് വിഭാഗം അസി. പ്രഫസർ ആർ. ജീന. കിളികൊല്ലൂർ കന്നിമേൽ നഗർ-55 രേവതിയിൽ പരേതരായ ആർ.ബാലകൃഷ്ണപിള്ളയുടെയും എൽ.രാധമ്മയുടെയും മകളാണ്. മുസല്യാർ നഗർ-25 ഉഷ ഭവനിൽ ശ്രീരാജ് ആർ.നായർ ആണു ഭർത്താവ്.

*Malayala Manorama 11.03.2022 P3*



കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് കൊമേഴ്സിൽ പിഎച്ച്.ഡി. നേടിയ ആർ. ജീന. ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജിലെ കൊമേഴ്സ് വിഭാഗം അസി. പ്രൊഫസറാണ്. കിളികൊല്ലൂർ കന്നിമേൽ നഗർ-55, രേവതിയിൽ പരേതരായ ആർ. ബാലകൃഷ്ണപിള്ളയുടെയും എൽ.രാധമ്മയുടെയും മകളാണ്. ഭർത്താവ് മുസലിയാർ നഗർ-25, ഉഷാഭവനിൽ ശ്രീരാജ് ആർ.നായർ

*Mathrubhumi 10.03.2022 P3*

ള കൗമുദി 03



കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് കൊമേഴ്സിൽ ഡോക്ടറേറ്റ് നേടിയ ആർ. ജീന. കിളികൊല്ലൂർ കന്നിമേൽ നഗർ 55 രേവതിയിൽ പരേതരായ ആർ. ബാലകൃഷ്ണപിള്ളയുടെയും എൽ. രാധമ്മയുടെയും മകളും മുസലിയാർ നഗർ 25 ഉഷാഭവനിൽ ശ്രീരാജ് ആർ. നായരുടെ (ബാങ്ക് അഷ്വറൻസ് മാനേജർ, എച്ച്.ഡി.എഫ്.സി ലൈഫ്) ഭാര്യയുമാണ്. കൊല്ലം ടി.കെ.എം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ കൊമേഴ്സ് വിഭാഗം അസി. പ്രൊഫസറാണ്

*Kerala Kaumudi, 10.03.2022. P3*

# Inauguration of RUSA 2.0 Funded Research Block Held on 09.03.2022

## Research Block Inauguration

### ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജ് ഗവേഷണ സമുച്ചയ ഉദ്ഘാടനം ഇന്ന്

കൊല്ലം ● കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെയും ധനസഹായത്തോടെ റൂസ രണ്ടാംഘട്ട പദ്ധതികളുടെ ഭാഗമായി ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജിൽ നിർമിച്ച ഗവേഷണ സമുച്ചയം ഇന്ന് മൂന്നിന് മന്ത്രി ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും.

പി.സി.വിഷ്ണുനാഥ് എംഎൽഎ അധ്യക്ഷത വഹിക്കും. എൻ.കെ. പ്രേമചന്ദ്രൻ എംപി പങ്കെടുക്കും. ഉദ്ഘാടനത്തിനു ശേഷം വിദ്യാർഥികളുമായി മന്ത്രി സംവദിക്കും.

കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വിഭാഗത്തിന്റെ വിഭാഗത്തിന്റെ ധനസഹായത്തോടെ സജ്ജമാക്കിയ ഹൈടെക് ഗവേഷണ ഉപകരണങ്ങളും, കോളേജ് മാനേജ്മെന്റിന്റെ ഫണ്ടിൽ നിന്നു ലഭിച്ച അനുബന്ധ ഉപകരണങ്ങളുമാണ് സമുച്ചയത്തിൽ ഒരുക്കുന്നതെന്ന് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, റൂസ കോഓർഡിനേറ്റർ ഡോ. മുഹമ്മദ് മുസ്തഫ, ഡോ. അനസ് എന്നിവർ പറഞ്ഞു.

അടിസ്ഥാന സൗകര്യ വികസനത്തിനായി റൂസയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 2 കോടി രൂപയാണ് അനുവദിച്ചത്. ഒരു കോടി രൂപ ഒരു കോടി രൂപ ഗവേഷണ വിഭാഗത്തിന്റെ നിർമാണത്തിനും, 20 ലക്ഷം രൂപ സെമിനാർ ഹാൾ, ക്ലാസ് മുറികൾ എന്നിവയുടെ നവീകരണത്തിനും, 80 ലക്ഷം രൂപ കംപ്യൂട്ടർ, ലാബ് ഉപകരണങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിനും ആണ് അനുവദിച്ചത്.

*Deshabhimani 09.03.2022 P2*

### ടി.കെ.എം കോളജിലെ ഗവേഷണ സമുച്ചയം ഉദ്ഘാടനം ഇന്ന്

കൊല്ലം: ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജിൽ നിർമാണം പൂർത്തിയാക്കിയ ഗവേഷണ സമുച്ചയം ബുധനാഴ്ച മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്യും. കോളജ് ഓഡിറ്റോറിയത്തിൽ വൈകുന്നേരം മൂന്നിന് നടക്കുന്ന ചടങ്ങിൽ പി.സി. വിഷ്ണുനാഥ് എം.എൽ.എ അധ്യക്ഷത വഹിക്കും. എൻ.കെ. പ്രേമചന്ദ്രൻ എം.പി, എം. നൗഷാദ് എം.എൽ.എ, കലക്ടർ അഫ്സാന പർവീൻ, ടി.കെ.എം കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസ്ലിയാർ, ട്രഷറർ ജലാലുദ്ദീൻ മുസ്ലിയാർ തുടങ്ങിയവർ പങ്കെടുക്കുമെന്ന് പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ് വാർത്തസമ്മേളനത്തിൽ അറിയിച്ചു.

കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പിന്റെ ധനസഹായത്തോടെ സജ്ജമാക്കിയ ഹൈടെക് ഗവേഷണ ഉപകരണങ്ങളും അനുബന്ധ സൗകര്യങ്ങളുമാണ് പുതിയ സമുച്ചയത്തിൽ പ്രവർത്തനസജ്ജമാവുന്നത്. റൂസയുടെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടു കോടി രൂപയാണ് അനുവദിച്ചത്. റിസർച് ബ്ലോക്ക് നിർമാണം, സെമിനാർ ഹാളിന്റെയും ക്ലാസ് റൂമുകളുടെയും നവീകരണം എന്നീ രണ്ട് പദ്ധതികളും കേരള സർവകലാശാലയ്ക്ക് കീഴിൽ ആദ്യം പൂർത്തിയാക്കിയതും ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജിലാണ്. ഉദ്ഘാടന ചടങ്ങിന് ശേഷം മന്ത്രി വിദ്യാർഥികളുമായി സംവദിക്കും. റൂസ കോഓഡിനേറ്റർ ഡോ. മുഹമ്മദ് മുസ്തഫ, റിസർച് കോഓഡിനേറ്റർ ഡോ. അനസ് എസ് എന്നിവരും വാർത്തസമ്മേളനത്തിൽ പങ്കെടുത്തു.

*Madhaymam Daily: 09.03.2022*

# Workshop on Animal Husbandry Startups 'JWALA'

18.03.2022

Organized by Dept. of Zoology



കൊല്ലം ടി.കെ.എം ആർട്സ് കോളജിൽ മൃഗസംരക്ഷണ വകുപ്പ് സംഘടിപ്പിച്ച സ്റ്റാർട്ടപ് പരിശീലന പരിപാടി മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യുന്നു

## കലാലയങ്ങളിൽ മൃഗസംരക്ഷണ സ്റ്റാർട്ടപ്പുകൾ ആരംഭിക്കും –മന്ത്രി

കൊല്ലം: ടി.കെ.എം ആർട്സ് കോളജിൽ മൃഗസംരക്ഷണ വകുപ്പ് സംഘടിപ്പിച്ച സ്റ്റാർട്ടപ് പരിശീലന പരിപാടി മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു.

തെരഞ്ഞെടുക്കപ്പെട്ട കലാലയങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് സ്റ്റാർട്ടപ്പുകൾ ആരംഭിക്കും. പി.സി. വിഷ്ണുനാഥ് എം.എൽ.എ അധ്യക്ഷത വഹിച്ചു.

ക്വിസ് മത്സര വിജയികൾക്ക് ഭക്ഷ്യ കമീഷൻ അംഗം സബിതാ ബീഗം സമ്മാനങ്ങൾ നൽകി. ടി.കെ.എം ട്രസ്റ്റ് ട്രഷറർ ടി.കെ. ജലാലുദ്ദീൻ മുസ്‌ലിയാർ സാക്ഷ്യപത്ര വിതരണം നിർവഹിച്ചു. പ്രിൻസിപ്പൽ ചിത്ര ഗോപിനാഥ്, പരിശീലന കേന്ദ്രം അസി.ഡയറക്ടർ ഡോ. ഡി. ഷൈൻ കുമാർ, ഡോ. സുമലക്ഷ്മി, ഡോ. ജാസിൻ റഹ്മാൻ, ഷീജ സജീബ്, ഡോ.കെ.കെ. തോമസ്, ഡോ.കെ.എസ്.സിന്ധു, കോഓഡിനേറ്റർ ഡോ. മുംതാസ് എന്നിവർ സംസാരിച്ചു.

*Madhyamam Daily: 19.03.2022, P11*

# കോളേജുകളിൽ മൃഗസംരക്ഷണ സ്റ്റാർട്ടപ്പുകൾ

## തെരഞ്ഞെടുത്ത കലാലയങ്ങളിൽ നടപ്പാക്കുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി

**സ്വന്തം ലേഖകൻ**

**കൊല്ലം**

കലാലയങ്ങളിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങളുമായി മൃഗസംരക്ഷണ വകുപ്പ്. കാടപ്പക്ഷി, മുട്ടക്കോഴി, ഇറച്ചിത്താറാവ് വളർത്തൽ, അലങ്കാരപ്പൂച്ച വളർത്തൽ, നായ്ക്കുട്ടി ബ്രീഡിങ്, ബ്രോയ്‌ലർ രീതിയിൽ ആടുവളർത്തൽ, അലങ്കാര മത്സ്യ പ്രജനനം, പക്ഷിവളർത്തൽ തുടങ്ങി എളുപ്പത്തിൽ വരുമാനം നേടാവുന്ന സംരംഭങ്ങളാണ് അദ്യഘട്ടത്തിൽ തെരഞ്ഞെടുക്കുക. ഇവ കേന്ദ്ര സർക്കാരിന്റെ സ്റ്റാർട്ടപ്പ് ഇന്ത്യ മിഷനിൽ രജിസ്റ്റർ ചെയ്യും.

ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജിൽ മൃഗസംരക്ഷണവകുപ്പ് നടത്തിയ ശിൽപ്പശാലയിൽ ഇത്തരം 12 മൃഗസംരക്ഷണ സ്റ്റാർട്ടപ്പുകൾ പരിചയപ്പെടുത്തി. ശിൽപ്പശാല മന്ത്രി ജെ ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. കേരളത്തിലെ തെരഞ്ഞെടുത്ത കലാലയങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് സ്റ്റാർട്ടപ്പുകൾ ആരംഭിക്കുമെന്ന് മന്ത്രി അറിയിച്ചു.

പി സി വിഷ്ണുനാഥ് എംഎൽഎ അധ്യക്ഷനായി. ക്വിസ് വിജയികൾക്ക് ഭക്ഷ്യകമീഷൻ അംഗം സബിതാബീഗം സമ്മാനങ്ങൾ നൽകി. ടികെഎം ട്രസ്റ്റ് ട്രഷറർ ടി കെ ജലാലുദീൻ മുസലിയാർ സാക്ഷ്യപത്രം വിതരണംചെയ്തു. കൊട്ടിയം മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ ഡോ. ഡി ഷൈൻകുമാർ, പ്രിൻസിപ്പൽ ചിത്ര ഗോപിനാഥ്, ഡോ. സുമലക്ഷ്മി, ഡോ. ജാസിൻ റഹ്മാൻ, ഷീജ സജീബ്, ഡോ.കെ കെ തോമസ്, ഡോ. കെ എസ് സിന്ധു, കോ–ഓർഡിനേറ്റർ മുംതാസ് എന്നിവർ സംസാരിച്ചു.

*Deshabhimani. 19.03.2022, P6*

# Workshop on Animal Husbandry Startups 'JWALA'

## മൃഗ സംരക്ഷണം: കലാലയങ്ങളിൽ സ്റ്റാർട്ടപ്പുകൾ തുടങ്ങും

കൊല്ലം● കേരളത്തിലെ കലാലയങ്ങളിൽ മൃഗ സംരക്ഷണ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുമെന്ന് മന്ത്രി ജെ.ചിഞ്ചുറാണി. ടികെഎം ആർട്സ് കോളജിൽ മൃഗസംരക്ഷണ വകുപ്പ് സംഘടിപ്പിച്ച സ്റ്റാർട്ടപ്പ് പരിശീലന പരിപാടി 'ജ്വാല' ഉദ്ഘാടനം ചെയ്യുകയായിരുന്നു.

തൊഴിലില്ലായ്മ രൂക്ഷമായ കാലഘട്ടത്തിൽ കേരളത്തിൽ ഇനി നൈപുണ്യ വികസനത്തിനാണു പ്രാധാന്യം നൽകേണ്ടതെന്നും പഠനത്തോടൊപ്പം തന്നെ സംരഭകത്വ വികസനത്തിനുള്ള കഴിവുകൾ ലഭ്യമാക്കാൻ പരിശീലനം നൽകുമെന്നും മന്ത്രി പറഞ്ഞു. ആദ്യ ഘട്ടം എന്ന നിലയിൽ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട കലാലയങ്ങളിൽ മൃഗ സംരക്ഷണ വകുപ്പ് സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കും. ആയാസം കുറഞ്ഞതും എളുപ്പത്തിൽ വരുമാനം ലഭിക്കുന്നതുമായ സംരംഭങ്ങളാകും കുട്ടികൾക്ക് ലഭ്യമാക്കുക. കാടപ്പക്ഷികൾ, മുട്ടക്കോഴികൾ, നായ്ക്കൾ, അലങ്കാരപ്പൂച്ചകൾ, വിദേശതത്തകൾ, ഓമന മൃഗങ്ങൾ, അരുമപ്പക്ഷികൾ എന്നിവ സ്റ്റാർട്ട് അപ്പുകളുടെ ഭാഗമാകും. കേന്ദ്ര സർക്കാരിന്റെ സ്റ്റാർട്ട്അപ്പ് ഇന്ത്യയുമായി സംരംഭങ്ങൾ രജിസ്റ്റർ ചെയ്യും.

കോളജ് പ്രിൻസിപ്പൽ ചിത്ര ഗോപിനാഥ് അധ്യക്ഷത വഹിച്ച യോഗത്തിൽ ഭക്ഷ്യ കമ്മീഷൻ അംഗം സബിതാ ബീഗം ക്വിസ് മത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകി. ടികെഎം ട്രസ്റ്റ് ട്രഷറർ ടി.കെ ജലാലുദ്ദീൻ മുസല്യാർ യുവസംരംഭകർക്കുള്ള സാക്ഷ്യപത്രവിതരണം നിർവഹിച്ചു.

കൊട്ടിയം മൃഗ സംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ ഡോ.ഡി.ഷൈൻ കുമാർ, ഡോ.സുമ ലക്ഷ്മി, ഡോ.സുജ.ടി .നായർ, ഡോ.ജാസിൻ റഹ്മാൻ, ഷീജ സജീബ്, ഡോ.കെ.കെ.തോമസ്, ഡോ.കെ.എസ്.സിന്ധു, പ്രോഗ്രാം കോ-ഓഡിനേറ്റർ ഡോ .മുംതാസ് എന്നിവർ പ്രസംഗിച്ചു.

സർക്കാർ ഫാമുകളിൽ നിന്ന് ഒരു ദിവസം പ്രായമായ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വളർത്തുന്ന നഴ്സറി ആരംഭിച്ചാൽ ഒന്നര മാസം പ്രായത്തിൽ സർക്കാർ തന്നെ തിരിച്ചു വാങ്ങി തുക നൽകുന്ന സംരംഭം, വളർത്താൻ കുളം ആവശ്യമില്ലാത്തതും രണ്ടര മാസം കൊണ്ട് രണ്ടേമുക്കാൽ കിലോ ഭാരം എത്തുന്ന വിയറ്റ്നാം സൂപ്പർ വി ഗോവ താറാവ്, അലങ്കാര പൂച്ച വളർത്തൽ, വിദേശ തത്ത വളർത്തൽ, നാട്ടിൽ സാധാരണയായി കാണുന്ന നായ ഇനങ്ങൾക്ക് പുറമെ ബീഗിൾ, ഷിദ് സു, പഗ്, ഷിവാവ എന്നീ നായ ഇനങ്ങളുടെ ബ്രീഡിങ്, അലങ്കാര മത്സ്യ പ്രജനനം എന്നീ സംരംഭങ്ങൾ സ്റ്റാർട്ട് അപ്പ് പരിശീലനത്തിൽ അവതരിപ്പിച്ചു.



കൊല്ലം ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജും മൃഗസംരക്ഷണ പരിശീലനകേന്ദ്രവും ചേർന്നു സംഘടപ്പിച്ച 'ജ്വാല' ശിൽപശാല ഉദ്ഘാടനം ചെയ്യാനെത്തിയ മന്ത്രി ജെ.ചിഞ്ചുറാണി പ്രദർശനത്തിന് എത്തിച്ച ലോറി ഇനത്തിൽപെട്ട തത്തയെ കാണുന്നു. പ്രിൻസിപ്പൽ ചിത്ര ഗോപിനാഥ്, ടി.കെ.ജലാലുദ്ദീൻ മുസല്യാർ, സബിതാ ബീഗം, ഡോ.ഡി.ഷൈൻകുമാർ, തുടങ്ങിയവർ സമീപം.

SHOT ON MI 10I

Malayala Manorama. 19.03.2022. P9

# Workshop on Animal Husbandry Startups 'JWALA'

## കലാലയങ്ങളിൽ മൃഗസംരക്ഷണ സ്റ്റാർട്ടപ്പുകൾ ആരംഭിക്കും: മന്ത്രി ജെ. ചിഞ്ചുറാണി

കൊല്ലം: തൊഴിലിനുറപ്പുള്ളതാകുന്ന കേരളത്തിൽ ഇനി നൈപുണ്യവികസന വിദ്യാഭ്യാസത്തിനാണ് പ്രാധാന്യം നൽകേണ്ടതെന്ന് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. കൊല്ലം ടി.കെ.എം ആർട്സ് കോളേജിൽ മൃഗസംരക്ഷണ വകുപ്പ് സംഘടിപ്പിച്ച സ്റ്റാർട്ടപ്പ് പരിശീലനങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട കലാലയങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് സ്റ്റാർട്ടപ്പുകൾ ആരംഭിക്കും. ക്ലേശ രഹിതവും വേഗം വരുമാനം നൽകുന്നതുമായ സംരംഭങ്ങളാണ് ആദ്യഘട്ടത്തിൽ തിരഞ്ഞെടുക്കുക. കാടപ്പക്ഷികൾ, മുട്ടക്കോഴികൾ, [illegible], അലങ്കാരപ്പൂച്ചകൾ, വിദേശ തത്തകൾ, ഓമന മൃഗങ്ങൾ, പക്ഷികൾ എന്നിവ സ്റ്റാർട്ടപ്പുകളുടെ ഭാഗമാകും. കേന്ദ്ര സർക്കാരിന്റെ സ്റ്റാർട്ടപ്പ് ഇന്ത്യയുമായി സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുമെന്നും മന്ത്രി പറഞ്ഞു. പി.സി. വിഷ്ണുനാഥ് എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. ക്വിസ് മത്സര വിജയികൾക്ക് ഭക്ഷ്യ കമ്മിഷൻ അംഗം സബിതാ ബീഗം സമ്മാനങ്ങൾ നൽകി. ടി.കെ.എം ട്രസ്റ്റ് ട്രഷറർ ടി.കെ. ജലാലുദ്ദീൻ മുസലിയാർ സാക്ഷ്യപത്രവിതരണം നിർവ്വഹിച്ചു. പ്രിൻസിപ്പൽ ചിത്ര ഗോപിനാഥ്, പരിശീലന കേന്ദ്രം അസി. ഡയറക്ടർ ഡോ. ഡി. ഷൈൻകുമാർ, ഡോ. സുമലക്ഷ്മി, ഡോ. ജാസിൻ റഹ്മാൻ, ഷീജ സജീബ്, ഡോ. കെ.കെ. തോമസ്, ഡോ. കെ.എസ്. സിന്ധു, കോ-ഓർഡിനേറ്റർ ഡോ. മുംതാസ് എന്നിവർ സംസാരിച്ചു.



കൊല്ലം ടി.കെ.എം ആർട്സ് കോളേജിൽ മൃഗസംരക്ഷണ വകുപ്പ് സംഘടിപ്പിച്ച സ്റ്റാർട്ടപ്പ് പരിശീലനങ്ങൾ മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്യുമ്പോൾ

*Kerala Koumudi 19.03.2022 P2*

# Workshop on Animal Husbandry Startups 'JWALA'

## കലാലയങ്ങളിൽ മൃഗസംരക്ഷണ സ്റ്റാർട്ടപ്പുകൾ ആരംഭിക്കും -മന്ത്രി

**കരിക്കോട്** ▸ ടി.കെ.എം. ആർട്സ് കോളേജിൽ മൃഗസംരക്ഷണവകുപ്പ് സംഘടിപ്പിച്ച സ്റ്റാർട്ടപ്പ് പരിശീലനപരിപാടി മന്ത്രി ജെ. ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. തിരഞ്ഞെടുക്കപ്പെട്ട കലാലയങ്ങളിൽ മൃഗസംരക്ഷണവകുപ്പ് സ്റ്റാർട്ടപ്പുകൾ ആരംഭിക്കുമെന്ന് മന്ത്രി പറഞ്ഞു. കാടപ്പക്ഷികൾ, മുട്ടക്കോഴികൾ, നായകൾ, അലങ്കാരപ്പൂച്ചകൾ, വിദേശ തത്തകൾ, ഓമന മൃഗങ്ങൾ, അരുമപ്പക്ഷികൾ, എന്നിവ സ്റ്റാർട്ടപ്പുകളുടെ ഭാഗമാകും. പി.സി.വിഷ്ണുനാഥ് എം.എൽ.എ. അധ്യക്ഷനായി. ക്വിസ് മത്സരവിജയികൾക്ക് ഭക്ഷ്യ കമ്മിഷൻ അംഗം സബിതാ ബീഗം സമ്മാനങ്ങൾ വിതരണം ചെയ്തു. ടി.കെ.എം. ട്രസ്റ്റ് ട്രഷറർ ടി.കെ. ജലാലുദ്ദീൻ മുസലിയാർ സാക്ഷ്യപത്രവിതരണം നിർവഹിച്ചു. പ്രിൻസിപ്പൽ ചിത്ര ഗോപിനാഥ്, പരിശീലനകേന്ദ്രം അസി. ഡയറക്ടർ ഡോ. ഡി.ഷൈൻകുമാർ, ഡോ. സുമലക്ഷ്മി, ഡോ. ജാസിൻ റഹ്മാൻ, ഷീജ സജീബ്, ഡോ. കെ.കെ.തോമസ്, ഡോ. കെ.എസ്.സിന്ധു, കോ-ഓർഡിനേറ്റർ ഡോ. മുംതാസ് എന്നിവർ സംസാരിച്ചു.



▶ **ഭീമനാണല്ലേ... ടി.കെ.എം. ആർട്സ് കോളേജിൽ മൃഗസംരക്ഷണവകുപ്പ് സംഘടിപ്പിച്ച സ്റ്റാർട്ടപ്പ് പരിശീലനപരിപാടിയിൽ ഭീമൻ എന്ന പോത്തിനെ തലോടുന്ന മന്ത്രി ജെ.ചിഞ്ചുറാണി**

*Mathrubumi 19.3.22. P2*

# Workshop on Animal Husbandry Startups 'JWALA'

## വിഗോവ സൂപ്പറാണ്, ബംഗാൾ പൂച്ച സുന്ദരിയും

**വിദ്യാർഥികൾക്ക് വരുമാനത്തിന് നവ സംരഭങ്ങൾ പരിചയപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് ശിൽപ്പശാല**

**സ്വന്തം ലേഖകൻ**

**കൊല്ലം**

വിയറ്റ്നാമിൽ നിന്നുള്ള വിഗോവ എം സൂപ്പർ താറാവ് ശരിക്കും സൂപ്പറാണ്. വളർത്താൻ തടാകം ആവശ്യമില്ല. രണ്ടരമാസത്തിനുള്ളിൽ രണ്ടേമുക്കാൽ കിലോ ഭാരമെത്തും. കടുവയുടെ മേനിഭംഗിയുള്ള ബംഗാൾ പൂച്ച അലങ്കാര പൂച്ചകളിൽ ട്രന്റിങ്ങും. ഒരുലക്ഷം രൂപയോളം വിലവരും. നിറയെ രോമങ്ങളുള്ള പേർഷ്യൻ പൂച്ചകളും വിപണയിലെ പ്രിയ താരങ്ങളാണ്. ഇവയെ വളർത്തി ബ്രീഡ് ചെയ്യ് വി[illegible] സംരംഭങ്ങൾ വലിയ വരുമാനവും ഉറപ്പുതരുന്നു. മൃഗസംരക്ഷണവകുപ്പ് ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജിൽ വിദ്യാർഥികൾക്കായി സംഘടിപ്പിച്ച സ്റ്റാർട്ട് അപ് ശിൽപ്പശാലയിലാണ് വൈവിധ്യമാർന്ന സംരംഭങ്ങൾ പരിചയപ്പെടുത്തിയത്. കൊട്ടിയം മൃഗസംരക്ഷണകേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ ഡി ഷൈൻകുമാർ ശിൽപ്പശാല നയിച്ചു.



വെളിയം സ്വദേശി വിനോദിന്റെ സമ്മർലാൻഡ് ഫാമിലെ 1200 കിലോ തൂക്കമുള്ള ഭീമൻ പോത്തിനു സമീപം ക്ഷീരവികസന മന്ത്രി ജെ ചിഞ്ചുറാണി

സർക്കാർ ഫാമുകളിൽനിന്ന് ഒരുദിവസം പ്രായമായ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വാങ്ങിവളർത്തുന്ന നഴ്സറി ആരംഭിച്ചാൽ ഒന്നരമാസം പ്രായത്തിൽ സർക്കാർ തന്നെ തിരിച്ചുവാങ്ങി തുക നൽകും. മുട്ടക്കോഴികളിലെ പൂവൻകുഞ്ഞുങ്ങളെ മൂന്നു മാസം വളർത്തി നാടൻ പൂവൻകോഴികളാക്കി വരുമാനം നേടാം.

ചില്ലിക്കാട, കാടറോസ്റ്റ്, കാട ചുട്ടത് എന്നിങ്ങനെ രുചിവിഭവങ്ങളായി കാട മാറിയാൽ ആദായം ആറിരട്ടിയാകും. യുവതയുടെ ഹരമായി മാറിയ ബീഗിൾ, ഷിദ് സു, പഗ്, ഷിവാവ എന്നീ നായ്ക്കളെക്കൂട്ടി ബ്രീഡിങ് വലിയ വരുമാനം ഉറപ്പാക്കും. ഒരു വിദേശ തത്തയിൽനിന്ന് പ്രതിവർഷം നാലു കുഞ്ഞുങ്ങൾ തരുന്ന വിദേശ തത്തകൾ ഉൾപ്പെടെ അരുമ പക്ഷിവളർത്തൽ ആദായകരമാണ്. ബ്രോയ്‌ലർ രീതിയിൽ ആടുവളർത്തൽ, അലങ്കാര മത്സ്യപ്രജനനം എന്നീ സംരംഭങ്ങളും സ്റ്റാർട്ടപ് പരിശീലനത്തിൽ അവതരിപ്പിച്ചു. വെളിയം സ്വദേശി വിനോദിന്റെ സമ്മാർലാൻഡ് ഫാമിലെ 1200 കിലോ തൂക്കമുള്ള ഭീമൻ പോത്തും മുട്ടനാടിന് 100 കിലോയിൽ കൂടുതൽ ഭാരംവരുന്ന പഞ്ചാബിൽ നിന്നുള്ള ബീറ്റൽ ആടും ശിൽപ്പശാലയിലെത്തിയവർക്ക് കൗതുകമായി.

*Deshabhimani : 19.03.2022, P6*

# Student Palliative Club Award 2022



കേരള സർവകലാശാല നടപ്പിലാക്കുന്ന സ്റ്റുഡന്റ് പാലിയേറ്റീവ് ക്ലബ് പദ്ധതിയിൽ മികച്ച യൂണിറ്റിനുള്ള പുരസ്കാരം കൊല്ലം ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജ് അധികൃതർ മന്ത്രി വീണാ ജോർജിൽ നിന്ന് ഏറ്റുവാങ്ങുന്നു.

## ടികെഎം കോളജിന് പാലിയേറ്റീവ് പുരസ്കാരം

കൊല്ലം • കേരള സർവകലാശാല നടപ്പിലാക്കുന്ന സ്റ്റുഡന്റ് പാലിയേറ്റീവ് ക്ലബ് യൂണിറ്റുകളിൽ മികച്ച യൂണിറ്റിനുള്ള പുരസ്കാരത്തിനു കൊല്ലം ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജ് അർഹമായി. കോളജിനുള്ള പുരസ്കാരത്തിനു പുറമേ എൻഎസ്എസ് പ്രോഗ്രാം ഓഫിസറായി ഡോ.ബി.ലത, വൊളന്റിയറായി ജിഹാന നൗഷാദ് എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. മന്ത്രി വീണാ ജോർജിൽ നിന്ന് അവാർഡുകൾ ഏറ്റുവാങ്ങി.

SHOT ON MI 10I

*Malayala Manorama. 23.03.2022. P4*

## പാലിയേറ്റിവ് അവാർഡ്

**കൊല്ലം:** കേരള സർവകലാശാലക്ക് കീഴിലുള്ള സ്റ്റുഡൻറ് പാലിയേറ്റിവ് ക്ലബ് യൂനിറ്റുകളിൽ മികച്ച യൂനിറ്റിനുള്ള പുരസ്കാരം ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജിന്. കോളജിലുള്ള പുരസ്കാരത്തിനു പുറമെ, എൻ.എസ്.എസ് പ്രോഗ്രാം ഓഫിസറായ ഡോ. ബി. ലത, വളന്റിയറായ ജിഹാന നൗഷാദ് എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. സർവകലാശാല സെനറ്റ് ഹാളിൽ നടത്തിയ ചടങ്ങിൽ മന്ത്രി വീണ ജോർജിൽ നിന്ന് കോളജ് അധികൃതർ അവാർഡുകൾ ഏറ്റുവാങ്ങി.

*Madhyamam 23.3.2022, P4*

# Festival of Harvest - 2022



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് നാഷനൽ സർവീസ് സ്കീമും കൊറ്റങ്കര കൃഷിഭവനും ചേർന്നു പേരൂർ ഏലായിൽ നടത്തിയ നെൽക്കൃഷിയുടെ കൊയ്ത്തുത്സവം അഞ്ചുപറ പാടശേഖരത്തിൽ നടന്നപ്പോൾ.

## കൊയ്ത്തുത്സവം നടത്തി

കൊല്ലം • ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് നാഷണൽ സർവീസ് സ്കീമും കൊറ്റങ്കര കൃഷി ഭവനും ചേർന്നു പേരൂർ ഏലായിൽ നടത്തിവന്ന നെൽക്കൃഷിയുടെ കൊയ്ത്തുത്സവം അഞ്ചുപറ പാടശേഖരത്തിൽ നടന്നു. കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. മുഖത്തല ബ്ലോക്ക് വൈസ് പ്രസിഡന്റ് എച്ച് ഹുസൈൻ, കൊറ്റങ്കര കൃഷി ഓഫിസർ പി.സുബാഷ്, പ്രോഗ്രാം ഓഫിസർമാരായ ഡോ. ബി .ലത, ഡോ. എം.എ.സിയാദ്, ഏല കർഷക സമിതി അംഗം കെ.രാധാകൃഷ്ണ പിള്ള , മാതൃകാ കർഷക ദമ്പതികളായ സുനിൽ-ശോഭ, കൊറ്റങ്കര കാർഷിക കർമസേന പ്രവർത്തകരായ മിനി, ലേഖ, എൻഎസ്എസ് വൊളന്റിയർമാർ എന്നിവർ നേതൃത്വം നൽകി. നവംബർ 26 നു കൃഷിമന്ത്രി പി. പ്രസാദ് ആണു പദ്ധതി ഉദ്ഘാടനം ചെയ്തത്.

*Malayala Manorama. 02.04.2022. P2*

# Festival of Harvest - 2022

## പാടത്തും മിടുമിടുക്കർ



ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ എൻഎസ്എസ് യൂണിറ്റും കൊറ്റങ്കര കൃഷിഭവനും ചേർന്ന് പേരൂർ ഏലായിൽ നടത്തിയ നെൽക്കൃഷി വിളവെടുത്തപ്പോൾ

**കൊല്ലം**

നെൽക്കൃഷിയിൽ നൂറുമേനി വിളവുമായി വിദ്യാർഥികൾ. ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ എൻഎസ്എസ് യൂണിറ്റും കൊറ്റങ്കര കൃഷിഭവനും ചേർന്ന് പേരൂർ ഏലായിൽ നടത്തിയ നെൽക്കൃഷിയിലാണ് മികച്ച വിളവ് കിട്ടിയത്.

കൊയ്ത്തുത്സവം പ്രിൻസിപ്പൽ ചിത്രാ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച് ഹുസൈൻ, കൃഷി ഓഫീസർ പി സുഭാഷ്, ഡോ. ബി ലത, ഡോ. എം എ സിയാദ്, കെ രാധാകൃഷ്ണ പിള്ള, സുനിൽ, ശോഭ സുനിൽ, മിനി, ലേഖ എന്നിവർ പങ്കെടുത്തു. നവംബർ 26ന് കൃഷിമന്ത്രി പി പ്രസാദാണ് നെൽക്കൃഷി ഉദ്ഘാടനംചെയ്തത്.

*Deshabhimani : 22.03.2022, P4*

# Festival of Harvest - 2022



കൊല്ലം ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് നാഷനൽ സർവിസ് സ്കീമും കൊറ്റങ്കര കൃഷിഭവനും ചേർന്ന് നടത്തിയ പേരൂർ തെക്ക് ആമക്കോട് ഏലയിലെ അഞ്ചുപറ പാടശേഖരത്തിലെ നെൽകൃഷി വിളവെടുപ്പ് കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് ഉദ്ഘാടനംചെയ്യുന്നു

## കൊയ്ത്തുത്സവം

**കൊല്ലം:** ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് നാഷനൽ സർവിസ് സ്കീമും കൊറ്റങ്കര കൃഷിഭവനും ചേർന്ന് പേരൂർ തെക്ക് ആമക്കോട് ഏലയിലെ അഞ്ചുപറ പാടശേഖരത്തിലെ നെൽകൃഷി വിളവെടുത്തു. കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. മുഖത്തല ബ്ലോക്ക് വൈസ് പ്രസിഡന്റ് എച്ച്. ഹുസൈൻ, കൊറ്റങ്കര കൃഷി ഓഫിസർ പി. സുബാഷ്, പ്രോഗ്രാം ഓഫിസർമാരായ ഡോ.ബി. ലത, ഡോ.എം.എ. സിയാദ്, പേരൂർ ഏല കർഷകസമിതി അംഗം കെ. രാധാകൃഷ്ണ പിള്ള, മാതൃക കർഷക ദമ്പതികളായ സുനിൽ, ശോഭ സുനിൽ, കൊറ്റങ്കര കാർഷിക് കർമസേന പ്രവർത്തകരായ മിനി, ലേഖ എന്നിവർ പങ്കെടുത്തു.

Madhyamam Daily 2.4.2022, P10

# Kerala University Youth Festival 2022




കേരള യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ ചൊവ്വാഴ്ച രാത്രി ആരംഭിച്ച സംഘനൃത്തത്തിൽ കൊല്ലം ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ കുട്ടികളുടെ പ്രകടനം

*Mathrubhumi: 27.04.2022, P11*




കൊല്ലം നഗരത്തിൽ നടന്ന കേരള സർവകലാശാല യൂണിയൻ കലോത്സവത്തിന്റെ വിളംബരജാഥ

*Deshabimani: 21.04.2022, P3*

# Kerala University Youth Festival 2022



ടി.കെ.എം ആർട്സ് കോളേജിൽ കഥാപ്രസംഗം വിലയിരുത്തുന്ന വിധികർത്താക്കളും കാണികളും

## തട്ടിക്കൂട്ട് വേദിയിൽ കഥാപ്രസംഗം

കൊല്ലം: കൊല്ലത്തിന്റെ കഥാപ്രസംഗ പാരമ്പര്യത്തിന് നാണക്കേടുണ്ടാക്കുന്നതായി കഥാപ്രസംഗ വേദിയും സംഘാടനവും. ടി.കെ.എം ആർട്സ് കോളേജിലെ ഒരു ക്ലാസ് മുറിയിലാണ് വേദിയൊരുക്കിയത്.

കഥാപ്രസംഗം കേൾക്കാനായി ഏറെപ്പേർ എത്തിയെങ്കിലും സദസിൽ ഇരിപ്പിടങ്ങളില്ലാത്ത ഗതികേടായിരുന്നു. മൂന്നുവരി കസേരയിടാൻ മാത്രമായിരുന്നു സൗകര്യം. മത്സരാർത്ഥികളുടെ കൂടെയെത്തിയവർക്കുപോലും മത്സരം കാണാനാകാതെ വേദിക്ക് പുറത്ത് നിൽക്കേണ്ടിവന്നു.

### വിധികർത്താവിനെ മാറ്റി, കഥ വീണ്ടും പറയിച്ചു

കഥാപ്രസംഗം തുടങ്ങി അഞ്ചുപേർ കഥപറഞ്ഞുകഴിഞ്ഞപ്പോഴാണ് വിധികർത്താവിനെതിരെ ആക്ഷേപം ഉയർന്നത്. പ്രമുഖ കാഥികനായ വിധികർത്താവിന്റെ ശിഷ്യർ മത്സരിക്കാനുണ്ടെന്നായിരുന്നു ആക്ഷേപം. ഉടൻ സംഘാടകർ ഇടപെട്ടു.

വിധികർത്താവിന് പെട്ടെന്ന് 'അസുഖം' വന്നതിനാൽ വീട്ടിലേക്ക് പോകേണ്ടിവന്നുവെന്നായിരുന്നു അറിയിപ്പ്. തൊട്ടുപിന്നാലെ, കഥ പറഞ്ഞവർ വീണ്ടും പറയണമെന്ന അറിയിപ്പും. മണിക്കൂറുകൾക്ക് ശേഷം പുതിയ വിധികർത്താവിനെ എത്തിച്ചശേഷമാണ് കഥാപ്രസംഗം പുനരാരംഭിച്ചത്. ആദ്യം കഥ പറഞ്ഞ അഞ്ചുപേർക്ക് വീണ്ടും കഥപറയേണ്ടിവന്നു. സമയക്രമം തെറ്റിയതോടെ കഥപറച്ചിലും നീണ്ടു.

*Kerala Koumuthi: 27.04.2022, P2*

# Kerala University Youth Festival 2022



**നാണമാണ് മെയിൻ..:** കൊല്ലത്തു നടക്കുന്ന കേരള സർവകലാശാലാ യുവജനോത്സവത്തിൽ ഒപ്പന മത്സരത്തിൽ പങ്കെടുത്ത കൊല്ലം ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജിലെ പാർവതി കെ. മധു, മുത്തശ്ശി സാവിത്രി അന്തർജനത്തോടു വിശേഷങ്ങൾ പങ്കുവച്ചപ്പോൾ.

പേജ് 3,8,9

ചിത്രം: അരവിന്ദ് ബാല● മനോരമ

*Malayala Manorama: 25.04.2022, P1*

# Kerala University Youth Festival 2022

TVM TVM+KLM

## ഒപ്പനയിൽ തിരുവനന്തപുരം മൊഞ്ച്


**കൊല്ലം:** ടി.കെ.എം ആർട്സ് കോളജ് കാമ്പസിനെ ഇശലുകൾകൊണ്ട് നിറഞ്ഞ ആറു മണിക്കൂറുകൾക്കൊടുവിൽ യുവജനോത്സവങ്ങളിലെ ജനപ്രിയ ഇനമായ ഒപ്പനയിൽ ഒന്നാം സ്ഥാനത്തിന് മൂന്ന് കോളജുകൾ അവകാശികൾ.

വാശിയേറിയ മത്സരത്തിൽ തിരുവനന്തപുരത്തുനിന്നെത്തിയ മാർ ഇവാനിയോസ് കോളജ്, വഴുതക്കാട് ഗവ. വിമൻസ് കോളജ്, ഓൾ സെയിന്റ്സ് കോളജ് എന്നിവിടങ്ങളിലെ മൊഞ്ചത്തിമാരാണ് ഒന്നാം സ്ഥാനം പങ്കിട്ടത്. രണ്ടാം സ്ഥാനം അഞ്ച് കോളജുകളും നേടി.

തിരുവനന്തപുരം എം.ജി കോളജ്, കൊല്ലം എസ്.എൻ കോളജ്, സി.എസ്.എസ് കാര്യവട്ടം, കെ.ടി.സി.ടി കല്ലമ്പലം, തിരുവനന്തപുരം ഗവ. ആർട്സ് കോളജ് എന്നിവരാണ് രണ്ടാം സ്ഥാനം നേടിയത്.

മൂന്നാം സ്ഥാനം ആതിഥേയരായ ടി.കെ.എം കോളജ് കരസ്ഥമാക്കി. മികച്ച നിലവാരം പുലർത്തിയതെന്ന് വിധികർത്താക്കൾ പറഞ്ഞ മത്സരത്തിൽ 28 കോളജുകളാണ് മാറ്റുരച്ചത്.

*Madhyamam: 25.04.2022, P3*



മത്സരം വൈകിയതിനെ തുടർന്ന് മേക്കപ്പിട്ട് കാത്തിരിക്കുന്ന ഒപ്പന ടീം അംഗങ്ങൾ

*Madhyamam: 25.04.2022, P3*

# Kerala University Youth Festival 2022

## പ്രായം തളർത്താത്ത ആവേശം

**കൊല്ലം:** കൊച്ചുമകളുടെ പ്രകടനം കാണാൻ ആവേശത്തോടെ ഇത്തവണയും സാവിത്രിയമ്മാൾ എത്തി. ടി.കെ.എം കോളജിലെ ഒപ്പന വേദിയിലാണ് 89കാരി എത്തിയത്. ടി.കെ.എമ്മിലെ ഒന്നാം വർഷ ബി.കോം വിദ്യാർഥിയായ കൊച്ചുമകൾ പാർവതിയുടെ ടീമിന്റെ പ്രകടനം കാണാനാണ് കണ്ണനല്ലൂർ യു.പി.എസ് സ്കൂളിലെ പഴയ അധ്യാപിക കൂടിയായ സാവിത്രിയമ്മാൾ എത്തിയത്. കലോത്സവ വേദിയിലെ സ്ഥിരം സാന്നിധ്യമാണ്. 2019 ൽ നടന്ന കലോത്സവത്തിൽ മാത്രമാണ് പങ്കെടുക്കാൻ കഴിയാതിരുന്നത്. മകളും അഭിഭാഷകയുമായ ദീപയോടൊപ്പമാണ് കലോത്സവ വേദിയിലെത്താറ്. മുത്തശ്ശിയുടെ ആശീർവാദത്തോടെ സ്റ്റേജിൽ കയറിയ ടി.കെ.എം ടീം മത്സരത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.



ഒപ്പന മത്സരം കാണാൻ ടി.കെ.എം ആർട്സ് കോളജിലെത്തിയ 89കാരി സാവിത്രിയമ്മാൾ മത്സരാർഥികളോടൊപ്പം

*Madhyamam: 25.04.2022, P3*

# Kerala University Youth Festival 2022



www.mathrubhumi.com

കേരള സർവകലാശാല യുവജനോത്സവം

Celebration Reloaded

കലക്കാച്ചി

# ആരവമായി...

കേരള സർവകലാശാലാ കലോത്സവം നടക്കുന്ന കൊല്ലം ടി.കെ.എം. ആർട്സ് കോളേജിലെ വേദിയിൽ ഒപ്പന കാണാനെത്തിയവരുടെ ആഹ്ലാദം

*Mathrubhumi: 25.04.2022, P3*

# Kerala University Youth Festival 2022

മലയാള മനോരമ

www.manoramaon



കൊല്ലത്തു നടക്കുന്ന കേരള സർവകലാശാലാ യൂണിയൻ യുവജനോത്സവത്തിന്റെ ഭാഗമായി നഗരത്തിൽ നടത്തിയ വിളംബരജാഥ.

ചിത്രം : മനോരമ

*Malayala Manorama: 21.04.2022, P3*

# Kerala University Youth Festival 2022

## നഗരത്തെ ഉത്സവ ലഹരിയിലാക്കി യുവജനോത്സവ വിളംബരജാഥ

കൊല്ലം● ആറാടുകയായിരുന്നു കൊല്ലം നഗരം. 23 മുതൽ കൊല്ലത്തു നടക്കുന്ന കേരള സർവകലാശാല യൂണിയൻ യുവജനോത്സവത്തിന്റെ ആവേശം വിളിച്ചറിയിച്ച് ആയിരക്കണക്കിനു കോളജ് വിദ്യാർഥികൾ അണിനിരന്ന വിളംബരജാഥ കൊല്ലം നഗരത്തെ വീണ്ടും ഉത്സവ ലഹരിയിലാക്കി. വൈകിട്ട് മൂന്നരയോടെ കോൺവന്റ് ജംക്ഷനിൽ നിന്ന് ആരംഭിച്ച് ആറിനു കൊല്ലം എസ്എൻ കോളജിലെത്തിയ വിളംബരജാഥ യുവാക്കളുടെ ആഘോഷവേദി കൂടിയായി.

ഏറ്റവും മുൻനിരയിൽ സ്കേറ്റിങ് വീലിൽ ചീറിപ്പായുന്ന ചെറിയ കുട്ടികൾ, പിന്നാലെ കുതിരയും ആനയും ചെണ്ടമേളവുമെല്ലാം....കാഴ്ചയുടെ ചെറു കൊല്ലം പൂരം തന്നെയായിരുന്നു വിളംബരജാഥ. സമകാലിക വിഷയങ്ങളെ അടിസ്ഥാനമാക്കി വിവിധ കോളജുകളിലെ വിദ്യാർഥികൾ ഒരുക്കിയ ദൃശ്യങ്ങളാണ് ഏറ്റവും ശ്രദ്ധേയമായത്. പെട്രോൾ വില വർധനയും കോവിഡ് പ്രതിരോധവും ഹിജാബ് വിവാദവും സ്ത്രീധന പീഡനവുമെല്ലാം വിദ്യാർഥികൾ അവതരിപ്പിച്ചു. ഒപ്പം പരിസ്ഥിതിപ്രശ്നങ്ങളും യുദ്ധമുൾപ്പെടെയുള്ള രാജ്യാന്തര വിഷയങ്ങളുമെല്ലാം ജാഥയിൽ ആവിഷ്കരിക്കപ്പെട്ടു.

താളമേളങ്ങളുടെ അകമ്പടിയോടെ നഗരപാതകളിൽ നൃത്തമാടിയ വിദ്യാർഥികൾ വരാൻ പോകുന്നത് ആഘോഷത്തിന്റെ ദിനങ്ങളാണെന്ന പ്രഖ്യാപനമാണ് വിളംബര ജാഥയിലൂടെ നൽകിയത്.

### തീം സോങ് പ്രകാശനം ചെയ്തു

സമൂഹത്തോടു നിരന്തരം ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കണമെന്നു നടൻ സുരാജ് വെഞ്ഞാറമൂട്. കേരള സർവകലാശാല യൂണിയൻ യുവജനോത്സവത്തിന്റെ തീം സോങ് പ്രകാശനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. അധികാര സ്ഥാനങ്ങൾ ഉൾപ്പെടെ എല്ലാത്തിനെയും വിലയ്ക്കെടുക്കാമെങ്കിലും വിദ്യാർഥികളുടെ കൂട്ടായ്മയെ ആർക്കും വിലയ്ക്കു വാങ്ങാനാകില്ല. ഒരുമിച്ചു നിൽക്കുന്നതാണ് വിദ്യാർഥി രാഷ്ട്രീയത്തിന്റെ പ്രസക്തിയെന്നും' അദ്ദേഹം പറഞ്ഞു.

വേദിയിൽ സംസാരിക്കുന്നതിനിടെ പുറത്ത് വിളംബര ജാഥ അവസാനിക്കുന്നതിന്റെ ഭാഗമായുള്ള ചെണ്ടമേളം ഉൾപ്പെടെയുള്ള ശബ്ദം വർധിച്ചതിൽ അതൃപ്തി പ്രകടിപ്പിച്ച് സുരാജ് കുറച്ചു നേരം പ്രസംഗിക്കാതെ മാറി നിന്നു. കുറച്ചു നേരത്തിനു ശേഷം പരിഭവം കളഞ്ഞു പ്രസംഗം തുടർന്ന അദ്ദേഹം തന്റെ കലാജീവിതത്തിൽ കൊല്ലം നൽകിയ നല്ല മുഹൂർത്തങ്ങൾ അനുസ്മരിക്കുകയും ചെയ്തു.

സംവിധായകൻ ഡിജോ ജോസ് ആന്റണി, നടന്മാരായ ധ്രുവൻ, ജോസ്കുട്ടി ജേക്കബ്, തിരക്കഥാകൃത്ത് ഷാരിസ് മുഹമ്മദ്, സിൻഡിക്കേറ്റ് അംഗം രഞ്ജു സുരേഷ്, കൊല്ലം എസ്എൻ കോളജ് പ്രിൻസിപ്പൽ നിഷ ജെ.തറയിൽ, വിമൻസ് കോളജ് പ്രിൻസിപ്പൽ സുനിൽ കുമാർ, ടികെഎം കോളജ് പ്രിൻസിപ്പിൽ ഡോ. ചിത്ര ഗോപിനാഥ്, യൂണിവേഴ്സിറ്റി യൂണിയൻ ജനറൽ സെക്രട്ടറി നകുൽ, സംഘാടക സമിതി ജനറൽ കൺവീനർ പി.അനന്തു, സെനറ്റ് അംഗങ്ങളായ അലീന അമൽ, അനന്ദു അനിൽ, പ്രോഗ്രാം കമ്മിറ്റി ഭാരവാഹികളായ ശ്രീകുമാർ, ഗോപീകൃഷ്ണൻ, യൂണിയൻ എക്സിക്യൂട്ടീവ് അംഗങ്ങളായ അരവിന്ദ്, അജിത്ത്, വൈസ് ചെയർപഴ്സൻ ആയിഷ തുടങ്ങിയവർ പ്രസംഗിച്ചു.

*Malayala Manorama: 21.04.2022, P3*

# Kerala University Youth Festival 2022

കേരള സർവകലാശാലാ കലോത്സവം

## ദൃശ്യവിരുന്നായി വിളംബരജാഥ



▶ കൊല്ലത്ത് നടക്കുന്ന കേരള സർവകലാശാലാ യൂണിയൻ കലോത്സവത്തിന്റെ വിളംബരഘോഷയാത്രയിലെ ദൃശ്യങ്ങൾ



▶ കൊല്ലത്ത് നടക്കുന്ന കേരള സർവകലാശാലാ യൂണിയൻ കലോത്സവത്തിന്റെ വിളംബരഘോഷയാത്രയുടെ മുൻനിര

കൊല്ലം ▶ കൊല്ലത്ത് നടക്കുന്ന കേരള യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവത്തിനു തുടക്കംകുറിച്ചുള്ള വിളംബരജാഥ ദൃശ്യവിരുന്നായി. നഗരത്തിലെ എട്ടുകോളേജുകളിൽനിന്നുള്ള ഏഴായിരത്തോളം വിദ്യാർഥികൾ അണിനിരന്നു.

സെന്റ് ജോസഫ്സ് കോൺവെന്റ് ജി.എച്ച്.എസിൽനിന്ന് 3.30-ന് ആരംഭിച്ച ജാഥ വൈകീട്ട് ആറിന് പ്രധാനവേദിയായ കൊല്ലം ശ്രീനാരായണ കോളേജിൽ സമാപിച്ചു. മേയർ പ്രസന്ന ഏണസ്റ്റ്, സംഘാടകസമിതി കൺവീനർ പി.അനന്തു, വിവിധ കോളേജുകളുടെ പ്രിൻസിപ്പൽമാർ, ജനപ്രതിനിധികൾ, യൂണിയൻ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. 23 മുതൽ 27 വരെ കൊല്ലം നഗരത്തിൽ ആറു കാമ്പസുകളിലെ ഒൻപത് വേദികളിലായാണ് കലോത്സവം നടക്കുക.

യുവജനോത്സവത്തിന്റെ തീം സോങ് പ്രകാശനം നടൻ സുരാജ് വെഞ്ഞാറമൂട് നിർവഹിച്ചു. യൂണിവേഴ്സിറ്റി യൂണിയൻ ജനറൽ സെക്രട്ടറി നകുൽ ജയചന്ദ്രൻ അധ്യക്ഷത വഹിച്ചു. നടന്മാരായ ധ്രുവൻ, മിഥുൻ വേണുഗോപാൽ, ജോസ്കുട്ടി ജേക്കബ്, ഡിജോ ജോസ് ആന്റണി, ശാരിസ് മുഹമ്മദ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

*Mathrubhumi: 21.04.2022, P3*



കേരള സർവകലാശാലാ യൂണിയൻ യുവജനോത്സവത്തിന്റെ ആവേശം വിളിച്ചറിയിച്ച് ആയിരക്കണക്കിന് കോളേജ് വിദ്യാർത്ഥികൾ അണിനിരന്ന വിളംബരജാഥ

*Kerala Koumudi: 21.04.2022,*

# World Elder Abuse Awareness Day 2022




ലോക വയോജന ചൂഷണവിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജ് നടത്തിയ വാഹന പ്രചാരണജാഥ സിവിൽ സ്റ്റേഷനിൽ കലക്ടർ അഫ്സാന പർവീൺ ഫ്ലാഗ് ഓഫ് ചെയ്യുന്നു

## ലോക വയോജന ചൂഷണവിരുദ്ധ ദിനാചരണം

**കൊല്ലം:** ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജ് എൻ.എസ്.എസ് യൂനിറ്റ്, സാമൂഹിക് നീതി വകുപ്പുമായി സഹകരിച്ച് വയോജന ചൂഷണവിരുദ്ധ ദിനാചരണത്തോടൊപ്പം നടത്തിയ വാഹന പ്രചാരണജാഥ കലക്ടർ അഫ്സാന പർവിൻ ഫ്ലാഗ് ഓഫ് ചെയ്തു. വിദ്യാർഥികൾ അവതരിപ്പിച്ച തെരുവുനാടകവും ഫ്ലാഷ് മോബും വാഹനപ്രചാരണ ജാഥയെ അനുഗമിച്ചു. കോളജിൽ നൽകിയ സ്വീകരണ യോഗം സബ് കലക്ടർ ചേതൻ കുമാർ മീണ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ചിത്രാ ഗോപിനാഥ് അധ്യക്ഷതവഹിച്ചു. ജില്ല സാമൂഹിക നീതി വകുപ്പ് ഓഫിസർ സിജു ബെൻ, സംസ്ഥാന വയോജന സംഘം പ്രതിനിധി ചന്ദ്രശേഖരൻപിള്ള എന്നിവർ പങ്കെടുത്തു. ഡോ. സുൽഫിയ സമദ്, ഡോ. അബ്ദുൽ റഫീഖ് എന്നിവർ നേതൃത്വം നൽകി.

*Madhyamam: 16.06.2022, P2*

# World Elder Abuse Awareness Day 2022



ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസിൽ ലോക വയോജന ചൂഷണ വിരുദ്ധ ദിനാചാരണത്തിന്റെ ഭാഗമായി പ്ലക്കാർഡുകളേന്തിയ വിദ്യാർത്ഥികൾ

## ടി.കെ.എം കോളേജിൽ

കൊല്ലം: ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളേജ് എൻ.എസ്.എസ് യൂണിറ്റ് സാമൂഹ്യനീതി വകുപ്പുമായി സഹകരിച്ച് നടത്തിയ വാഹന പ്രചരണ ജാഥ സിവിൽ സ്റ്റേഷനിൽ കളക്ടർ അഫ്സാന പർവീൻ ഫ്ലാഗ് ഓഫ് ചെയ്തു.

എൻ.എസ്.എസ് വിദ്യാർത്ഥികൾ അവതരിപ്പിച്ച തെരുവുനാടകവും ഫ്ലാഷ് മോബും വാഹന പ്രചാരണ ജാഥയെ അനുഗമിച്ചു. ടി.കെ.എം കോളേജിൽ നൽകിയ സ്വീകരണ യോഗം സബ് കളക്ടർ ചേതൻ കുമാർ മീണ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർ സിജു ബെൻ, സംസ്ഥാന വയോജന സംഘം പ്രതിനിധി ചന്ദ്രശേഖരൻ പിള്ള എന്നിവർ പങ്കെടുത്തു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാരായ ഡോ. സുൽഫിയ സമദ്, ഡോ. അബ്ദുൽ റഫീഖ് എന്നിവർ നേതൃത്വം നൽകി.

*Kerala Kaumudi: 16.06.2022, P2*

# International Yoga Day 2022

## ടി.കെ.എം കോളേജിൽ അന്താരാഷ്ട്ര യോഗാദിനം

കൊല്ലം: അന്താരാഷ്ട്ര യോഗാദിനമായ ഇന്ന് ടി.കെ.എം കോളേജ് ഒഫ് ആർട്സ് ആൻഡ് സയൻസിൽ നടക്കുന്ന മെഗാ ഇവന്റ് കേന്ദ്രമന്ത്രി വി.മുരളീധരൻ ഉദ്ഘാടനം ചെയ്യും. ടി.കെ.എം ട്രസ്റ്റ് പ്രസിഡന്റ് ഷഹൽ ഹസൻ മുസലിയാർ അദ്ധ്യക്ഷനാകും.

എൻ.കെ. പ്രേമചന്ദ്രൻ എം.പി, പി.സി. വിഷ്ണുനാഥ് എം.എൽ.എ, കൊറ്റങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എച്ച്. ഹുസൈൻ, ഗ്രാമപഞ്ചായത്തംഗം ഷീജ സജീവ് എന്നിവർ പങ്കെടുക്കും. റിസോഴ്സ് പേഴ്സൺ, യോഗാചാര്യ കെ.പി. ശാന്തി, യോഗ ഇന്റർനാഷണലിന്റെ ചെയർമാനും സ്ഥാപകനുമായ മോഹൻദാസ് മാസ് എന്നിവർ യോഗയ്ക്ക് നേതൃത്വം നൽകും.

സ്ഥാപനത്തിലെ വിദ്യാർത്ഥികളും ഫാക്കൽറ്റി അംഗങ്ങളും സ്റ്റാഫും ചേർന്ന് മാസ് യോഗ നടത്തും. യോഗാദിനാഘോഷങ്ങളുടെ ഭാഗമായി എം.ജി യൂണിവേഴ്സിറ്റി യോഗ ആൻഡ് നാച്ചുറോപ്പതി സെന്റർ പ്രൊഫ. ഡോ. പത്മനാഭന്റെ പരീക്ഷാ സമ്മർദ്ദം നിയന്ത്രിക്കുന്നതിനുള്ള വെബിനാർ, കുടുംബത്തോടൊപ്പം യോഗയെക്കുറിച്ചുള്ള കൊളാഷ് നിർമ്മാണ മത്സരം, ക്വിസ് മത്സരം, പ്രസംഗ മത്സരം, വിദ്യാർത്ഥികൾക്കുള്ള ഒരാഴ്ചത്തെ യോഗ പരിശീലനം എന്നിവ സംഘടിപ്പിച്ചതായി കോളേജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, ഫിസിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് ഹെഡ് ഡോ. അബ്ദുൽ റഫീഖ്, ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് ഹെഡ് പ്രൊഫ. നിയാസ് എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

*Kerala Koumuthi: 21.06.2022, P3*

## ടികെഎമ്മിൽ മെഗാ യോഗ ഇന്ന്

**കൊല്ലം**

ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് യോഗാദിനമായ 21ന് ആഘോഷ പരിപാടി സംഘടിപ്പിക്കും. അതോടെ ഏപ്രിൽ ഒന്നിന് ആരംഭിച്ച ആഘോഷ പരിപാടികൾക്ക് സമാപനമാകുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

യോഗയിലൂടെ പരീക്ഷാ സമ്മർദം നിയന്ത്രിക്കുന്നതിനെക്കുറിച്ച് വെബിനാർ നടക്കും. സ്ഥാപനത്തിലെ വിദ്യാർഥികളും ഫാക്കൽറ്റി അംഗങ്ങളും ജീവനക്കാരും ചേർന്ന് മെഗായോഗ അവതരണം നടത്തും. കേന്ദ്ര സഹമന്ത്രി വി മുരളീധരൻ ഉദ്ഘാടനംചെയ്യും.

പ്രിൻസിപ്പൽ ചിത്രാ ഗോപിനാഥ്, ഡോ. അബ്ദുൾ റഫീക്, പ്രൊഫ. നിയാസ് എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

*Desbhimani: 21.06.2022, P2*

# International Yoga Day 2022

## ടി.കെ.എമ്മിൽ മെഗാ യോഗാഭ്യാസ പ്രദർശനം

**കൊല്ലം:** അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജിൽ ചൊവ്വാഴ്ച മെഗാ യോഗാഭ്യാസ പ്രദർശനം നടക്കും.

ഏപ്രിൽ ഒന്ന് മുതൽ ആരംഭിച്ച വിവിധ പരിപാടികളുടെ സമാപനത്തോടനുബന്ധിച്ചാണ് കോളജ് ഓഡിറ്റോറിയത്തിൽ പരിപാടി സംഘടിപ്പിക്കുന്നതെന്ന് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് വാർത്തസമ്മേളനത്തിൽ അറിയിച്ചു. വൈകീട്ട് മൂന്നിന് കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ ഉദ്ഘാടനം നിർവഹിക്കും. എൻ.കെ. പ്രേമചന്ദ്രൻ എം.പി മുഖ്യപ്രഭാഷണം നടത്തും. ടി.കെ.എം ട്രസ്റ്റ് പ്രസിഡന്റ് ഡോ. ടി.കെ. ഷഹാൽ ഹസൻ മുസ്‌ലിയാർ അധ്യക്ഷത വഹിക്കും. പി.സി. വിഷ്ണുനാഥ് എം.എൽ.എ, കൊറ്റങ്കര പഞ്ചായത്ത് പ്രസിഡന്റ് ആർ. ദേവദാസ്, മുഖത്തല ബ്ലോക്ക് വൈസ് പ്രസിഡന്റ് എച്ച്. ഹുസൈൻ, പഞ്ചായത്ത് സംഗം ഷീജ സജീവ് എന്നിവർ പങ്കെടുക്കും. കെ.പി. മോഹൻ ദാസ് നേതൃത്വം നൽകുന്ന മെഗാ യോഗാഭ്യാസ പരിപാടിയിൽ 120 വിദ്യാർഥികളെ കൂടാതെ അധ്യാപകരും അനധ്യാപകരും പങ്കെടുക്കും. വാർത്തസമ്മേളനത്തിൽ ഇംഗ്ലീഷ് വിഭാഗം മേധാവി ഡോ. നിയാസ്, ഫിസിക്കൽ എജുക്കേഷൻ വിഭാഗം മേധാവി ഡോ. അബ്ദുൽ റഫീക്ക് എന്നിവരും പങ്കെടുത്തു.

*Madhyamam: 21.06.2022, P3*



# ടികെഎം കോളജിൽ യോഗാ ദിന ആഘോഷം സമാപനം

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ ഏപ്രിൽ ഒന്നിന് ആരംഭിച്ച യോഗാ ദിന ആഘോഷങ്ങളുടെ സമാപനം രാജ്യാന്തര യോഗാ ദിനമായ ഇന്ന് കേന്ദ്രമന്ത്രി വി.മുരളീധരൻ ഉദ്ഘാടനം ചെയ്യുമെന്നു കോളജ് പ്രിൻസിപ്പൽ ഡോ.ചിത്രാ ഗോപിനാഥ്, കായിക വിഭാഗം മേധാവി ഡോ.അബ്ദുൽ റഫീഖ്, ഇംഗ്ലിഷ് വിഭാഗം മേധാവി എസ്.എം നിയാസ് എന്നിവർ അറിയിച്ചു.

ആഘോഷങ്ങളുടെ ഭാഗമായി എംജി യൂണിവേഴ്സിറ്റിയിലെ യോഗ ആൻഡ് നാച്ചുറോപ്പതി സെന്റർ പ്രഫ.പത്മനാഭന്റെ നേതൃത്വത്തിൽ യോഗ പരിശീലിച്ചു. പരീക്ഷാ സമ്മർദം നിയന്ത്രിക്കാനുള്ള വെബിനാർ, കുടുംബത്തോടൊപ്പം യോഗയെക്കുറിച്ചുള്ള കൊളാഷ് നിർമാണ മത്സരം, ക്വിസ് മത്സരം, പ്രസംഗ മത്സരം, വിദ്യാർഥികൾക്കുള്ള ഒരാഴ്ചത്തെ യോഗാ പരിശീലന പരിപാടി എന്നിവ സംഘടിപ്പിച്ചിരുന്നു.

സമാപന യോഗത്തിൽ വിദ്യാർഥികളും അധ്യാപകരും പങ്കെടുക്കുന്ന മാസ് യോഗാ സെക്ഷനു ശാന്തി യോഗ ഇന്റർനാഷനൽ ചെയർമാനും സ്ഥാപകനുമായ യോഗാചാര്യൻ കെ.പി.മോഹൻദാസ് നേതൃത്വം നൽകും. ടികെഎം ട്രസ്റ്റ് പ്രസിഡന്റ് ഡോ.ടി.കെ.ഷഹാൽ ഹസൻ മുസല്യാർ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ എൻ.കെ.പ്രേമചന്ദ്രൻ എംപി, പി.സി.വിഷ്ണുനാഥ് എംഎൽഎ തുടങ്ങിയവർ പങ്കെടുക്കും.

*Malayala Manorama: 21.06.2022, P4*

# International Yoga Day

**V Muraleedharan** was live.
4h ·

കൊല്ലം ടി കെ എം ആർട്സ് ആന്റ് സയൻസ് കോളേജിൽ അന്താരാഷ്ട്ര യോഗ ദിനാചരണ പരിപാടി ഉദ്ഘാടനം നിർവഹിക്കുന്നു. (1/2)




93

*Facebook Live: 21.06.2022,*



# International Yoga Day 2022

## യോഗ ജീവിതരീതിയായി മാറണം –വി. മുരളീധരൻ

**കിളികൊല്ലൂർ:** യോഗ ജീവിതരീതിയായി വളർത്തിക്കൊണ്ടുവരണമെന്ന് കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ. കരിക്കോട് ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജിൽ യോഗ ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമാപന സമ്മേളനത്തിൽ ടി.കെ.എം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹാൽ ഹസൻ മുസ്ലിയാർ അധ്യക്ഷത വഹിച്ചു. പി.സി. വിഷ്ണുനാഥ് എം.എൽ.എ, യോഗാചാര്യ കെ.പി. മോഹൻ ദാസ്, കൊറ്റങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. ദേവദാസ്, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്. ഹുസൈൻ, വാർഡ് മെംബർ ഷീജ സജീവ്, ടി.കെ.എം കോളജ് ട്രഷറർ ജലാലുദ്ദീൻ മുസ്ലിയാർ, മെംബർ ജമാലുദ്ദീൻ മുസ്ലിയാർ, പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, ഫിസിക്കൽ എജുക്കേഷൻ വിഭാഗം തലവൻ ഡോ. അബ്ദുൽ റഫീഖ് തുടങ്ങിയവർ പങ്കെടുത്തു.




*ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജിൽ അന്തർദേശീയ യോഗ ദിനാചരണം കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു*

*Madhyamam 22.06.2022, P4*



# International Yoga Day

ne.com/local 2022 ജൂൺ 22 ബുധൻ



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ യോഗാദിന ആഘോഷങ്ങളുടെ സമാപന ചടങ്ങ് കേന്ദ്രമന്ത്രി വി.മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു. കോളജ് പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ്, ടികെഎം ട്രസ്റ്റ് ട്രഷറർ ജലാലുദ്ദീൻ മുസല്യാർ, പി.സി.വിഷ്ണുനാഥ് എംഎൽഎ, ട്രസ്റ്റ് പ്രസിഡന്റ് ഡോ.ഷഹാൽ ഹസൻ മുസല്യാർ, യോഗാചാര്യൻ കെ.പി.മോഹൻദാസ്, ട്രസ്റ്റ് മെംബർ ജമാലുദ്ദീൻ മുസല്യാർ തുടങ്ങിയവർ സമീപം. ചിത്രം: മനോരമ

## യോഗ ജീവിത രീതിയാകണം: കേന്ദ്രമന്ത്രി വി.മുരളീധരൻ

കൊല്ലം● ലോക രാജ്യങ്ങളെ ഇന്ത്യയുമായി ബന്ധിപ്പിക്കുന്നതിൽ യോഗ പ്രധാന പങ്കുവഹിക്കുന്നുവെന്നു കേന്ദ്രമന്ത്രി വി.മുരളീധരൻ. ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ യോഗാ ദിനാഘോഷങ്ങളുടെ സമാപനം ഉദ്ഘാടനം ചെയ്യുകയായിരുന്നു. പ്രധാനമന്ത്രി സൂചിപ്പിച്ചതു പോലെ യോഗയെ ജീവിതത്തിന്റെ ഭാഗമാക്കുന്നതിനു പകരം ജീവിത രീതിയാക്കുകയാണ് വേണ്ടത്. കേന്ദ്രമന്ത്രി പറഞ്ഞു.

യോഗ ക്ലാസിനു ശാന്തി യോഗ ഇന്റർനാഷനൽ ചെയർമാനും സ്ഥാപകനുമായ കെ.പി.മോഹൻദാസ് നേതൃത്വം നൽകി. ടികെഎം കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ.ടി.കെ.ഷഹാൽ ഹസൻ മുസല്യാർ അധ്യക്ഷത വഹിച്ചു. പി .സി.വിഷ്ണുനാഥ് എംഎൽഎ, കൊറ്റങ്കര പഞ്ചായത്ത് പ്രസിഡന്റ് ആർ.ദേവദാസ് , മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്.ഹുസൈൻ, വാർഡ് അംഗം ഷീജ സജീവ്, കോളജ് കായിക വിഭാഗം മേധാവി ഡോ.അബ്ദുൽ റഹീഖ്, കോളജ് ട്രസ്റ്റ് ട്രഷറർ ടി.കെ. ജലാലുദ്ദീൻ മുസല്യാർ, ട്രസ്റ്റ് അംഗം ടി.കെ.ജമാലുദ്ദീൻ മുസല്യാർ എന്നിവർ പ്രസംഗിച്ചു.

*Malayala Manorama: 22.06.2022, P3*

# International Yoga Day 2022

Mathrubhumi മാതൃഭൂമി

## യോഗ ജീവിതരീതിയായി മാറണം -വി.മുരളീധരൻ

**കരിക്കോട്** ► യോഗയെ ജീവിതത്തിന്റെ ഭാഗമായി പരിമിതപ്പെടുത്താതെ ജീവിതരീതിയായി വളർത്തിക്കൊണ്ടുവരണമെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ.

കൊല്ലം ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജിൽ അന്താരാഷ്ട്ര യോഗദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

യോഗദിനാചരണത്തിന്റെ ഭാഗമായി ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം രണ്ടുമാസം നീണ്ടുനിന്ന പരിശീലനപരിപാടികൾ, പ്രസംഗമത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചു.



► ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജിൽ അന്താരാഷ്ട്ര യോഗദിനാചരണം കേന്ദ്രമന്ത്രി വി.മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു

സമാപനസമ്മേളനത്തിൽ ടി.കെ.എം. കോളേജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ഷഹാൽ ഹസ്സൻ മുസലിയാർ അധ്യക്ഷത വഹിച്ചു.

പി.സി.വിഷ്ണുനാഥ് എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. യോഗാചാര്യ കെ.പി.മോഹൻദാസ് യോഗദിനസന്ദേശം നൽകി.

പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം തലവൻ ഡോ. അബ്ദുൽ റഹീഗ്, കൊറ്റങ്കര ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ആർ. ദേവദാസ്, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്.ഹുസൈൻ, വാർഡ് അംഗം ഷീജ സജീവ്, ടി.കെ.എം. കോളേജ് ട്രഷറർ ജലാലുദ്ദീൻ മുസലിയാർ, ജമാലുദ്ദീൻ മുസലിയാർ തുടങ്ങിയവർ സംബന്ധിച്ചു.

അധ്യാപകരും വിദ്യാർഥികളും പങ്കെടുത്ത കൂട്ടയോഗപ്രദർശനത്തിന് യോഗാചാര്യൻ കെ.പി.മോഹൻദാസ് നേതൃത്വം നൽകി.

മത്സരങ്ങളിൽ വിജയിച്ച വിദ്യാർഥികൾക്കും യോഗപരിശീലനം പൂർത്തിയാക്കിയവർക്കും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

23/06/2022 PUNALUR Pg 11

*Mathrubumi 23.06.2022, p11*

# Green Campus Declaration by Govt. of Kerala



ഹരിത കാമ്പസ് സർട്ടിഫിക്കറ്റ് ടി.കെ.എം കോളജ് പ്രിൻസിപ്പൽ ഡോ. ചിത്രാ ഗോപിനാഥിന് നവകേരളം കർമപദ്ധതി സംസ്ഥാന കോഓഡിനേറ്റർ ഡോ.ടി.എൻ. സീമ കൈമാറുന്നു

## ടി.കെ.എം കോളജ് ഇനി ഹരിത കാമ്പസ്

**കൊല്ലം:** ജില്ലയിലെ ആദ്യ ഹരിത കാമ്പസായി ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ്. നവകേരളം കർമ പദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷനും കൊറ്റങ്കര കൃഷിവകുപ്പും കോളജും സംയുക്തമായി നടത്തിയ ഹരിത കാമ്പസ് പ്രവർത്തനത്തിന് ഫലമായാണ് ഈ നേട്ടം കൈവരിച്ചത്.

കോളജിൽ നടന്ന പരിപാടിയിൽ ടി.കെ.എം ജില്ലയിലെ ആദ്യത്തെ ഹരിത കാമ്പസ് ആയി നവകേരളം കർമപദ്ധതി സംസ്ഥാന കോഓഡിനേറ്റർ ഡോ. ടി.എൻ. സീമ പ്രഖ്യാപിച്ചു. ടി.കെ.എം ട്രസ്റ്റ് ട്രഷറർ ജലാലുദ്ദീൻ മുസ്‌ലിയാർ ഡോ. ടി.എൻ. സീമയെ ആദരിച്ചു. ഹരിത കൃഷിയുടെ ഭാഗമായി നടപ്പാക്കിയ നെൽകൃഷി, വിവിധ ഇനം പച്ചക്കറികളുടെയും കിഴങ്ങുവർഗങ്ങളുടെയും ഉൽപാദനം, ജൈവവൈവിധ്യ ഉദ്യാന നിർമാണം, ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു കൊണ്ടുള്ള പച്ചത്തുരുത്ത് പദ്ധതി, മാലിന്യസംസ്കരണത്തിന് ഭാഗമായുള്ള വെർമി കമ്പോസ്റ്റ് പദ്ധതി, തുമ്പൂർമൂഴി പദ്ധതി, ബയോഗ്യാസ് പ്ലാന്റ് നിർമാണം എന്നിവ കലാലയത്തെ ഹരിത കാമ്പസ് ആക്കാൻ ഏറെ സഹായിച്ചിട്ടുണ്ട്.

ഹരിത കാമ്പസ് പദ്ധതിയുടെ ഭാഗമായി ഹരിത ആർത്തവം പദ്ധതി നടപ്പാക്കുകയും ഇതിലൂടെ സാനിറ്ററി നാപ്കിന് പകരം മെൻസ്ട്രൽ കപ്പുകൾ ഉൽപാദിപ്പിക്കുകയും പ്ലാസ്റ്റിക് ഉപയോഗം പൂർണമായി നിരോധിക്കുകയും ജലസംരക്ഷണത്തിന് വേണ്ടി വാട്ടർ റീചാർജ് യൂനിറ്റ് പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് അധ്യക്ഷത വഹിച്ചു. ഹരിത കേരളം മിഷൻ ജില്ല കോഓഡിനേറ്റർ ഐസക്, റിസോഴ്സ് പേഴ്സൺ കാവ്യ, ശുചിത്വമിഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് സൗമ്യ ഗോപാലകൃഷ്ണൻ, മുഖത്തല ബ്ലോക്ക് വൈസ് പ്രസിഡന്റ് എച്ച്. ഹുസൈൻ, പഞ്ചായത്ത് പ്രസിഡന്റ് ആർ. ദേവദാസ്, വാർഡ് മെംബർ ഷീജ സജീവ്, ഡോ. ബി. ലത, സൗമ്യ എന്നിവർ സംസാരിച്ചു.

*Madhyamam 25.07.2022, P2*


ടികെഎം
കോളജിൽ
യോഗാ ദിന
ആഘോഷം
സമാപനം
പാടത്തും മിടുമിടുക്കർ
HINDU
കേരള
ടികെഎം കോളജിന്
പാലിയേറ്റീവ് പുരസ്കാരം
INDIAN EXPRESS
മാധ്യമം
Mathrubhumi
ജീവിത രീതിയാകണം:
വി.മുരളീധരൻ